

# ഉള്ളടക്കം


1. ചിന്നൻ പറഞ്ഞത്
2. തകര പെറുക്കുന്നവർ
3. മത്തൻ കുരുവേ നീ എവിടാ...?
4. മീനു കായലിൽ
5. പോക്കറ്റില്ലാത്തവർ
6. കുട്ടികളുടെ സീറ്റിൽ മുതിർന്നവർ ഇരിക്കരുത്
7. നീലിമയുടെ ഡയറി
8. നസ്റുദ്ദീൻമുല്ലയുടെ ഭാര്യ
9. നോട്ടീസ്
10 സ്നേഹത്തിന്റെ പൂ, കനി, വേര്
11 കഥ തുടങ്ങുന്നു..
12 അവിയൽ
13 കണിക്കൊന്ന പൂത്തപ്പോൾ
14 അഹിംസപ്പട്ട്
15 നാലു കൈയുള്ള ഒരിന്ത്യൻ കളിക്കാരൻ
16 കാടുണ്ടേ... കാടുണ്ടിവിടെ....
17 സൈലൻസ് - അഭിരാമി
18 ഡോക്ടർ അകത്തുണ്ട്
19 അച്ചടക്കം
20 ആകാശം വിലയ്ക്കുവാങ്ങുന്നവർ
21 വീഴ്ത്തല്ലേ......
22 വാട്സ് ആപ്
23 മാഞ്ഞുപോയ കഥ
24 കർക്കടകക്കഞ്ഞി
25 ഗോൾ ഗോൾ
26 മുരിങ്ങയുടെ ഒരു ദിവസം
27 മഴയുടെ അതിരുകൾ
28 തേൻമല
29 ഓണം







# ചിന്നൻ പറഞ്ഞത്



**സ്**കൂൾ അടച്ചു. ഇനി ചങ്ങാതിക്കൂട്ടത്തിന് പിടിപ്പത് പണിയാണ്. എന്തൊക്കെ കളികളാണാവോ ഇനി ഈ പത്താളും കൂടി കാട്ടുക്കൂട്ടുന്നത്? കുട്ടികളുടെ ഈ ചങ്ങാത്തത്തിന് വീട്ടുകാരുടെ സമ്മതമൊന്നുമില്ലെങ്കിലും അവർ അതൊന്നും കാര്യമാക്കാറില്ല. എന്നും വായനശാലയുടെ വരാന്തയിൽ അവർ കണ്ടുമുട്ടും. കളികളും ചർച്ചകളും ആലോചനകളുമായി ആഘോഷിക്കും.

ഇന്നത്തെ കൂടിക്കാഴ്ചയിൽ മഹേഷ് പറഞ്ഞു; “നമുക്കൊരു യാത്ര പോയാലോ, തൊമ്മൻ കുന്നിലേക്ക്.” പത്ത് പേരുടെയും മനസ്സിൽ ലഡു പൊട്ടി. എല്ലാവർക്കും സമ്മതം.

രാവിലെ തന്നെ പുറപ്പെട്ടു. നടന്നാണ് കയറ്റം. തളർച്ചയുണ്ട്. ദാഹത്തിന് ബാഗിൽ വെള്ളം. അപ്രതീക്ഷിതമായി ഒരു മഴ. ഒന്ന് ഓടിയാലോ... കയറ്റമാണ് ഓടുക തന്നെ. ഒടുവിൽ ആളൊഴിഞ്ഞ ആ കെട്ടിടത്തിൽ എത്തിയെന്ന് പറഞ്ഞാൽ മതിയല്ലോ. മഴ തോരുന്ന ലക്ഷണം ഇല്ല. ഇടിയും മിന്നലും ഒപ്പമുണ്ടുതാനും. തിന്മ ചെയ്ത ആരോ ഉണ്ട് നമ്മുടെ കൂട്ടത്തിൽ, അതാ ഈ മഴയും മിന്നലും. രാജു പറഞ്ഞു.

അയാൾ പുറത്തു പോണം ഈ കെട്ടിടത്തിൽ നിന്ന്. എല്ലാവരും തൊപ്പികൾ വാതിൽക്കൽ വയ്ക്കു. ആദ്യം കാറ്റടിച്ച് പോകുന്നത് ആരുടെ തൊപ്പിയാണോ അയാളാണ് പുറത്ത് പോകേണ്ടത് എന്നു പറഞ്ഞ് മഹേഷ് വാതിലിൽ തൊപ്പിവെച്ചു.

കൂട്ടത്തിൽ ചെറുതെങ്കിലും ചിന്നൻ പറഞ്ഞു. “കൂട്ടരെ, കൂട്ടത്തിൽ ഒരാളുടെ തിന്മകൊണ്ടല്ല ബാക്കിയുള്ളവരുടെ നന്മകൊണ്ടാണ് ഈ മഴയിലും നിൽക്കാനൊരിടം കിട്ടിയതെന്ന് ഓർത്ത് സന്തോഷിക്കുകയല്ലേ ഈ സമയം ചെയ്യേണ്ടത്?” എന്നാൽ അവനെ ആരും ചെവിക്കൊണ്ടില്ല.

വീശിയടിച്ച കാറ്റിൽ ഒരു തൊപ്പി പറന്ന് മുറ്റത്തെ മഴയിലേക്ക് വീണു. അത് ചിന്നന്റേതായിരുന്നു. മറ്റുള്ളവർ അവനെ പുറത്താക്കിയതും മിന്നലിനൊപ്പം വന്ന ഇടിയിൽ ആ കെട്ടിടം ഇടിഞ്ഞു വീഴാൻ തുടങ്ങിയതും ഒന്നിച്ചായിരുന്നു.

*നന്മകാണാത്തവർക്ക് സംരക്ഷണം ലഭിക്കില്ല എന്ന് ഈ കഥ മനസ്സിലാക്കിത്തരുന്നതെങ്ങനെ? താഴെ പറയുന്നതിൽ ഏറ്റവും ഉചിതമായത് കണ്ടെത്തൂ.*

*എ) കെട്ടിടം നിലം പതിച്ചു*

*ബി) മഴ ശക്തമായി*

*സി) ചിന്നനെ പുറത്താക്കി*

*ഡി) ഇടിയും മിന്നലും വന്നു.*

**മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ**




# തകര പെറുക്കുന്നവർ



**'തകര'** എന്നു കേൾക്കുമ്പോൾ നിങ്ങൾ കേൾക്കുന്നത് തുരുമ്പിച്ച ഇരുമ്പുഷീറ്റെന്നാവും. ഞാൻ ജീവനുള്ള തകര.

ഈ വേനൽക്കാലത്ത് ഞെട്ടിക്കുന്ന ഒരു സംഭവം ഉണ്ടായി.പാലക്കാട് ജില്ലയിലെ പടിഞ്ഞാറേ അറ്റത്തുള്ള പട്ടിക്കായൽ എന്നു വിളിക്കുന്ന വെള്ളക്കെട്ടിലാണ് എന്റെ താമസം. ഇവിടുത്തെ വെള്ളം വളരെയധികം വറ്റി വരണ്ടു. എന്റെ കായ്കൾ പാടത്തു മുഴുവൻ പടർന്നുകിടന്നു.

കായലിന്റെ സമീപത്തുള്ളവരുടെ വേനൽക്കാല വരുമാനമാർഗമാണ് തകരപെറുക്കൽ.ഇതിന് കൊച്ചുകുട്ടികൾ മുതൽ മറ്റു ജോലിക്കു പോകാൻ കഴിയാത്ത പ്രായമായവർ വരെ ഉണ്ടാകും.വീണു കിടക്കുന്ന കായ്കൾ ശേഖരിച്ച് ഉണക്കി വിൽക്കും.തുടക്കത്തിൽ നല്ല വില കിട്ടുമെങ്കിലും ധാരാളമാവുമ്പോൾ വില കുറയും.

വെള്ളം വറ്റിയതു കൊണ്ട് ഒരു കഷണം പോലും ബാക്കി വയ്ക്കാതെ കായ്കൾ മുഴുവൻ അവർ ശേഖരിച്ച് വിറ്റു.ഇനി അടുത്ത വർഷം വരുന്ന കുട്ടികൾക്ക് ഞാനെന്തു കൊടുക്കും.

(തകര -ആയുർവേദ മരുന്നുകൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. വെള്ളക്കെട്ടുകളിൽ വളരുന്ന ചെടിയുടെ വേരുകൾ മണ്ണിനടിയിലും ഇലകൾ വെള്ളത്തിനു മുകളിലും കാണും.ആമ്പലിലകളോട് സാമ്യമുള്ള ചെറിയ ഇലകൾ ചെറിയ വെളുത്ത പൂക്കളുണ്ടാകും.വേരുകൾ പോലുള്ള ഒരു കൂട്ടം നാരുകൾ ചേർന്നതാണ് കായ്കൾ. ശാസ്ത്രനാമം - വലേറിയാന വാല്പിച്ചി)

*വേനൽക്കാലത്ത് ഞെട്ടിക്കുന്ന ഒരു സംഭവമുണ്ടായി ? തകര പറയുന്ന ആ സംഭവം എന്താണത്?*

*എ) കായ്കൾ പാടത്തു മുഴുവൻ പടർന്നു കിടന്നു.*

*ബി) കുട്ടികളും മുതിർന്നവരും വീണു കിടക്കുന്ന കായ്കൾ ശേഖരിച്ച് ഉണക്കി*

*സി) ഒരു കഷണം പോലും ബാക്കി വയ്ക്കാതെ കായ്കൾ മുഴുവൻ അവർ ശേഖരിച്ച് വിറ്റു.*

*ഡി) വെള്ളം വളരെയധികം വറ്റി വരണ്ടു*




# മത്തൻ കുരുവേ നീ എവിടാ...?



**അ**മ്പിളിയും ശാലുവും ഉച്ചയൂണ് കഴിഞ്ഞ് പുറത്തിറങ്ങി. സ്കൂളിന്റെ അടുക്കളയിൽ അവർ ഒരു കാര്യം ഒളിപ്പിച്ചുവച്ചിട്ടുണ്ട്.

അവർ എന്നും അതെടുത്ത് നോക്കും. ഇന്നും അതിനാ പോകുന്നത്.

അടുക്കളവരാന്തയിലെ ജന ലിന്റെ പൊത്തിൽ നിന്ന് ആമിന അതെടുത്തു ഒരു മത്തൻക്കുരു. ഉള്ളം കൈയിൽ വച്ച് ആമിന കുരുവിനെ ശാലുവിന് കാട്ടിക്കൊ ടുത്തു. ശാലുവിന് കൗതുകം, അവൾ തിരിച്ചും മറിച്ചും നോക്കി .

ഒറ്റത്തട്ട്. ശങ്കരൻ ഓടി പ്പോയി, കുരുത്തം കെട്ടവൻ. ആ കുരു തെറിച്ചുപോയി. ആമിന കരഞ്ഞുവിളിച്ചു. മത്തൻ കുരുവേ നീ എവിടെയാണ്? അവൾ ചുറ്റും നോക്കി. ഒരിടത്തും കണ്ടില്ല.

നാളുകൾ കടന്നു പോയി. ഒരു ദിവസം ആമിന വെള്ളം കുടി ക്കാൻ അടുക്കളയിൽ വന്നപ്പോൾ ആരോ അവളെ വിളിക്കുന്നു. അവൾ ചുറ്റും തിരഞ്ഞു. അവൾ ആരെയും കണ്ടില്ല. മുറ്റത്തിറങ്ങി നോക്കി. അതാ കൈകളുയർത്തി നിൽക്കുന്നു മത്തൻ വള്ളി കൾ. "ആമിനേ, ഇത് ഞാനാ. നീ ലാളിച്ച മത്തൻകുരു. നിനക്ക് ഞാനൊരു സമ്മാനം തരാം. ദാ പിടിച്ചോ, ഇവനെ, എന്റെ മത്തൻ കുട്ടനെ. ഒരു സ്നേഹസമ്മാനമായി." ഒരു മുഴുത്ത മത്തനെ ആമിനയ്ക്ക് കൊടുത്ത് ആ മത്തൻ വള്ളികൾ ചിരിച്ചു.



*'ഒരു സ്നേഹ സമ്മാനമായി' എന്ന് മത്തൻ വള്ളികൾ പറയാൻ കാരണം*

*എ) ആമിന മത്തൻ കുരുവിനെ ശാലുവിന് കാണിച്ചുകൊടുത്തതിനാൽ*

*ബി) ശങ്കരൻ തട്ടിത്തെറിപ്പിച്ചതിനാൽ*

*സി) ആമിന മത്തൻ കുരുവിനെ ലാളിച്ചതിനാൽ*

*ഡി) വെള്ളം കുടിക്കാൻ അടുക്കളയിൽ വരുന്നതിനാൽ*



യു.പി.
4

# മീനു കായലിൽ

**മീ**നുവിന് വലിയ സന്തോഷമായി. അവൾ തുള്ളിച്ചാടി.

“ദാ വന്നു കഴിഞ്ഞു മാമാ” അവൾ ഓടിച്ചെന്ന് ബാഗിൽ നിന്ന് തൊപ്പിയെടുത്തു.

അങ്ങ് കിഴക്കൻ നാട്ടിൽ നിന്ന് ഇങ്ങ് പടിഞ്ഞാറൻ നാട്ടിൽ വിരുന്നു വന്നതാണവൾ. മലനാട്ടിലെ കാട്ടരുവികൾ കണ്ട് വളർന്ന അവൾക്ക് കണ്ണെത്താദൂരം പരന്നു കിടക്കുന്ന കായൽ വലിയ അത്ഭുതമായിരുന്നു. വർഷത്തിലൊരിക്കൽ ഇവിടെ വരുമ്പോഴെല്ലാം കായലിൽ മീൻ പിടിക്കാൻ കൊണ്ടു പോകണമെന്നു പറഞ്ഞ് അവൾ മാമനോട് വഴക്കു കൂടും.

കുറച്ചു കൂടെ വലുതാകട്ടേ മാമൻ പറയും.

ഞാൻ വലുതായി മാമാ. അവൾ ചിണുങ്ങും.

ഇന്നാ സുദിനം വന്നുചേർന്നു. താൻ വലുതായെന്ന് അംഗീകരിച്ചിരിക്കുന്നു.

വള്ളത്തിൽ കയറുമ്പോൾ മാമൻ ചോദിച്ചു.

“മീനുക്കുട്ടിക്ക് പേടിയുണ്ടോ?”

“എനിക്ക് ഒട്ടും പേടിയില്ല മാമാ”. ഉള്ളിലെ പേടി പുറത്തു കാട്ടാതെ അവൾ പറഞ്ഞു.

വള്ളം നീങ്ങിത്തുടങ്ങി. അങ്ങനെ പോകുമ്പോൾ ഇരുവശത്തേക്കും കൈകൾ വെള്ളത്തിലിട്ട് തുഴയണമെന്ന് മനസ്സിൽ എത്ര വട്ടം ആഗ്രഹിച്ചതാണ്? പക്ഷേ കൈകൾ അനക്കാൻ തോന്നുന്നില്ല. മാമന് ഒരു പേടിയുമില്ല. ചൂണ്ടയിൽ ഇര കൊളുത്തി വെള്ളത്തിൽ എറിയുകയാണ്.



പെട്ടെന്ന് ഒരു മീൻ ചൂണ്ടയിൽ കുരുങ്ങി. മാമൻ അതിനെ വലിച്ച് വള്ളത്തിലിട്ടു. മീനു ആ മീനിനെ നോക്കിയിരുന്നു. അത് കിടന്നു പിടക്കുകയാണ്. അവൾക്ക് സങ്കടം വന്നു.

അവൾക്ക് കരയിൽ പോകണമെന്ന് തോന്നി.

*കായലിന്റെ വലിപ്പത്തെ സൂചിപ്പിക്കാൻ ഇതിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷാപ്രയോഗം ഏത്.?*

*എ) വിശാലമായ കായൽ*

*ബി) കണ്ണെത്താ ദൂരം പരന്നു കിടക്കുന്ന കായൽ*

*സി) നിലയില്ലാ കായൽ*

*ഡി) ആഴമുള്ള കായൽ*




# പോക്കറ്റില്ലാത്തവർ

**അ**യ്യോ... ബസ്സ് വരാറായി. വേഗം ബാഗുമെടുത്ത് ഓടി. ബസ്സിൽ നല്ല തിരക്കായിരുന്നു. ഒരുവിധം എങ്ങനെയോ കയറിപ്പറ്റി. കണ്ടക്ടർ പൈസ ചോദിച്ചു. തിരക്കിനിടയിൽ പൈസ എടുത്ത് കൈയിൽ പിടിച്ചിരുന്നില്ല. ഓടുന്ന ബസ്സിന്റെ കുലുക്കത്തിനിടയിൽ മുന്നോട്ടാഞ്ഞും, പിന്നോട്ടാഞ്ഞും നിൽക്കുന്നതിനിടയിൽ ബാഗ് തുറന്ന് ഇൻസ്ട്രമെന്റ് ബോക്സ് എടുത്തു. അതിനുള്ളിലാണ് ഒരു രൂപ ഇരിക്കുന്നത്. കണ്ടക്ടർ ദേഷ്യത്തോടെ എന്തോ പിറു പിറുത്തു. ബസ്സിന്റെ കുലുങ്ങി കുലുങ്ങിയുള്ള ഓട്ടത്തിനിടയിൽ നിന്നു കൊണ്ട് ഇൻസ്ട്രമെന്റ് ബോക്സ് തുറക്കാനായില്ല. കണ്ടക്ടറുടെ ഭാവവും കൂട്ടുകാരുടെ പരിഹാസച്ചിരിയും എനിക്കാകെ തൊലി യുരിഞ്ഞു പോകുന്ന പോലെയായി.

അനിയന് ഈ പ്രശ്നമൊന്നുമില്ല. അവന്റെ പാന്റിനും ഷർട്ടിനും പോക്കറ്റുണ്ട്. പൈസ പോക്കറ്റിലിട്ട് അവന് ഓടി ബസ്സിൽ കയറാം. ബസ്സിൽ നിന്നു കൊണ്ടു തന്നെ വിഷമം കൂടാതെ പണം എടുത്തു കൊടുക്കാം.

എന്താ പെൺകുട്ടികളുടെ ഡ്രസ്സുകളിൽ പോക്കറ്റില്ലാത്തത്?

അച്ഛന് യാത്രയിൽ പണം, കൈലേസ് എന്നിവയെല്ലാം പോക്കറ്റിൽ വയ്ക്കാം. എന്നാൽ അമ്മയ്ക്ക് ജോലിക്ക് പോകാൻ ബാഗും പേഴ്സും ഇല്ലാതെ പറ്റില്ല. പിന്നെ തിരക്കുള്ള ബസ്സിൽ തനിക്കനുഭവപ്പെട്ടതു പോലെ പ്രശ്നങ്ങളും.

സ്ത്രീകളുടെ വസ്ത്രങ്ങളിൽ പോക്കറ്റ് പിടിപ്പിക്കാത്തത് എന്തു കൊണ്ടാണ്? എത്ര ആലോചിച്ചിട്ടും എനിക്ക് പിടികിട്ടുന്നില്ല. പണ്ട് സ്ത്രീകൾക്ക് പണം കൈകാര്യം ചെയ്യേണ്ടി വരാത്തതുകൊണ്ടാവുമോ? കാലം മാറുമ്പോൾ വസ്ത്രങ്ങളിലും മാറ്റം വരേണ്ടതല്ലേ.



*വസ്ത്രങ്ങളിൽ പോക്കറ്റ് പിടിപ്പിക്കുന്നത്*

*എ) സൗകര്യത്തിന്*

*ബി) ആണായതിനാൽ*

*സി) കാലം മാറാത്തതിനാൽ*

*ഡി) എല്ലാവർക്കും ഇൻസ്ട്രമെന്റ് ബോക്സില്ലാത്തതിനാൽ*





# കുട്ടികളുടെ സീറ്റിൽ മുതിർന്നവർ ഇരിക്കരുത്



**ബ**സ്സിൽ സ്കൂളിലേക്കു പോകുന്ന കുട്ടികളുടെ വിഷമം ആർക്കാണ് അറിയുക? സ്കൂൾ ബസ്സിലല്ല, സാധാരണ ബസ്സിൽ. പണം കുറച്ചു മാത്രം കൊടുക്കുന്നതു കൊണ്ട് ഞങ്ങൾ ബസിൽ കയറുന്നത് ആർക്കും ഇഷ്ടമല്ല.

വലിയൊരു ബാഗും കുടയും ബാഗിൽ നിറയെ പുസ്തകങ്ങളുമായി തിരക്കിനിടയിൽ എങ്ങനെയെങ്കിലും കയറിപ്പറ്റിയാൽ ഒഴിവുള്ള സീറ്റിൽ പോലും കണ്ടക്ടർ ഇരിക്കാൻ അനുവദിക്കില്ല. ഇരുന്നാൽ ഉടനെ എഴുന്നേല്പിക്കും.

ഞങ്ങൾക്ക് മുകളിലെ കമ്പി പിടിക്കാൻ എത്തുകയില്ല. തിരക്കിനിടയിൽ ആരുടെയെങ്കിലും വസ്ത്രത്തിലോ ശരീരത്തിലോ അറിയാതെ പിടിച്ചാൽ അവരുടെ ഒരു ഭാവമുണ്ട്. അതൊന്ന് കാണേണ്ടതു തന്നെയാണ്! ഇങ്ങനെയുമുണ്ടോ മനുഷ്യർ? ഞാനും വലുതാകും. മുകളിലെ കമ്പിയിൽ പിടിക്കാൻ കഴിയുമ്പോൾ അറിയാതെപോലും ഇവരെയൊന്നും തൊടുകയില്ല. പെൺകുട്ടികളോടുള്ള സമീപനവും ബസ്സിൽ കയറാൻ അനുവദിക്കാതെയുള്ള പ്രശ്നങ്ങളും ഒരുപാട് പറയാനുണ്ട്.

കുട്ടികൾക്കൊഴികെ മറ്റുള്ളവർക്കൊക്കെ ബസ്സിൽ സീറ്റ് സംവരണമുണ്ട്. സ്ത്രീകൾക്ക്, പ്രായമായവർക്ക്, പ്രത്യേക പരിഗണനയുള്ളവർക്ക്, അന്ധർക്ക്, അമ്മയും കുഞ്ഞും ...

പക്ഷേ ഏറ്റവും പ്രാധാന്യം നൽകേണ്ട കൊച്ചു കുട്ടികൾക്ക് സീറ്റ് സംവരണം വേണ്ടതല്ലേ. കുറച്ച് സീറ്റു സ്കൂളിൽ പോകുന്ന കുട്ടികൾക്കായി നീക്കിവയ്ക്കേണ്ടതല്ലേ.

*ഈ പാഠം ഉന്നയിക്കുന്ന പ്രധാനകാര്യം എന്താണ്?*

*എ) കുട്ടികളുടെ അവകാശ സംരക്ഷണം*

*ബി) കണ്ടക്ടറുടെ പെരുമാറ്റം*

*സി) മുതിർന്നവരുടെ സമീപനം*

*ഡി) യാത്രാക്ലേശം*



യു.പി.
7

# നീലിമയുടെ ഡയറി



ഒക്ടോബർ
17
2017

രാത്രി ൧.30

എത്ര സന്തോഷകരമായിരുന്നു ഇന്നത്തെ ദിവസം. സ്കൂൾ വിട്ട് ഓടി വന്നത് അമ്മയോട് വിശേഷങ്ങൾ പങ്കു വയ്ക്കാം എന്നു വിചാരിച്ചാണ്. എന്നത്തെയും പോലെയല്ല. അമ്മയുടെ മുഖം വല്ലാതെ വീർത്തിരിക്കുന്നു. കണ്ണുകൾ ചുവന്ന് കലങ്ങിയ മാതിരി. പതിവു പോലെ അത്ര സന്തോഷത്തിലല്ല എന്നോട് സംസാരിച്ചതും. കാര്യമായി എന്തോ സംഭവിച്ചിട്ടുണ്ട്. കിങ്ങിണിയോട് ചോദിച്ചിട്ട് അവൾക്കും ഒന്നുമറിയില്ല. വിശേഷം കിങ്ങിണിയോട് പറയാം എന്ന് വിചാരിച്ചാൽ അവൾക്കത് മനസ്സിലാവുകയും ഇല്ലല്ലോ? രഞ്ജിനി ടീച്ചർ എന്നോട് സ്റ്റാഫ് റൂമിലേക്ക് ചെല്ലാൻ പറഞ്ഞപ്പോൾ മനസ്സു നിറയെ പേടിയായിരുന്നു. എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടാവുമോ? അവിടെയെത്തിയപ്പോൾ മുഴുവൻ അധ്യാപകരും എന്നെ കാത്തിരിക്കുന്ന മാതിരി തോന്നി. രഞ്ജിനി ടീച്ചർ സ്നേഹത്തോടെ എന്നെ ചേർത്തു നിർത്തി. മോൾ ആ കവിത ഒന്നു ചൊല്ലിയെ എന്നു പറഞ്ഞത് കേട്ടപ്പം മനസ്സിലെ പേടിയെല്ലാം എവിടെയോ പോയ് മറഞ്ഞു. വായിക്കാൻ ആദ്യം മടി തോന്നി. മോൾ വായിക്കൂ, നല്ല കവിതയല്ലേ, മോളുടേത് നല്ല ശബ്ദമല്ലേ എന്നൊക്കെ എല്ലാവരും കൂടെ പറഞ്ഞപ്പോൾ കേൾക്കാതിരിക്കാനായില്ല. മാതൃദിനം വിഷയമാക്കി എഴുതിയ കവിതയാണ്. ആരും കാണാതെ പുസ്തകത്തിനുള്ളിൽ ഒളിപ്പിച്ചു വച്ചത് ടീച്ചർ കണ്ടുപിടിച്ചു. മടിച്ച് മടിച്ച് കവിത ചൊല്ലിത്തീർന്നതും എല്ലാവരും കൈയടിച്ചു. ടീച്ചർ കെട്ടിപ്പിടിച്ചു. മിടുക്കിക്കുട്ടി എന്നു പറഞ്ഞുകൊണ്ട് ഉമ്മ തന്നത് എങ്ങനെ മറക്കാനാകും? ആദ്യമായെഴുതിയ കവിതക്ക് ഇതിൽപ്പരം മറ്റെന്ത് അംഗീകാരമാണ് കിട്ടാനുള്ളത്? വരാൻ പോകുന്ന പി.ടി.എ. വാർഷിക പൊതുയോഗത്തിൽ ഈ കവിത ഞാൻ ചൊല്ലി അവതരിപ്പിക്കണം പോലും. അന്ന് കുറച്ചു കൂടി നന്നായിട്ട് ചൊല്ലണം. കുറെ കവിതകൾ എഴുതാൻ തോന്നുന്നുണ്ട്. എന്നാലും അമ്മക്ക് ഇന്ന് എന്താപറ്റിയത്?

*കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന അധ്യാപകരാണ് അവിടെയുള്ളത് .ഇതുമായി പൊരുത്തപ്പെടാത്ത വാക്യം ഏത്?*

*എ) പി.ടി.എ. വാർഷിക പൊതുയോഗത്തിൽ ഈ കവിത ചൊല്ലി അവതരിപ്പിക്കണം എന്നാവശ്യപ്പെട്ടു*

*ബി) ടീച്ചർ മിടുക്കിക്കുട്ടി എന്നു പറഞ്ഞുകൊണ്ട് ഉമ്മവച്ചു*

*സി) സ്നേഹത്തോടെ ചേർത്തു നിറുത്തി കവിത ചൊല്ലാൻ ആവശ്യപ്പെട്ടു*

*ഡി) സ്റ്റാഫ് റൂമിലേക്ക് വിളിപ്പിക്കുന്നത് ശിക്ഷിക്കാൻ വേണ്ടിയാണ്.*

*മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ*




# നസ്റുദ്ദീൻ മുല്ലയുടെ ഭാര്യ



**ന**സ്റുദ്ദീൻ മുല്ലയോട് ഒരു ദിവസം ഭാര്യ പറഞ്ഞു.

“നിങ്ങൾ ഇങ്ങനെ നടന്നോളൂ.
വീട്ടിൽ അരിയില്ല.
പഞ്ചസാരയില്ല,
തേയിലയില്ല.”

ഭാര്യയുടെ ശകാരം കേട്ടപ്പോൾ മുല്ല പറഞ്ഞു.

‘‘നീയിങ്ങനെ എപ്പോഴും എല്ലാം ഇല്ലെന്നു പറയുന്നതിനു പകരം എന്തെങ്കിലു മൊക്കെ ഉണ്ടെന്നു പറഞ്ഞൂടെ?”

ഭാര്യ സമ്മതിച്ചു.
“പറയാമല്ലോ.
ഇവിടെ അരിയുടെ കുറവുണ്ട്.
തേയിലയുടെ ഇല്ലായ്മയുണ്ട്.
പഞ്ചസാരയുടെ അഭാവമുണ്ട്.”

അന്നു മുതൽ ആ ഭാര്യ എന്താണോ പറയേണ്ടത് അതിന്റെ എതിരർഥമുള്ള വാക്കു മാത്രമേ പറയൂ.

“ദേ നിങ്ങളെക്കാണാൻ ഒരു മിത്രം വന്നു നിൽക്കുന്നു.”

നസ്റുദ്ദീൻ മുല്ല ചെന്നു നോക്കിയപ്പോൾ കണ്ണെടുത്താൽ കണ്ടുകൂടാത്ത ശത്രു!

*മറ്റൊരിക്കൽ ഭാര്യ പറഞ്ഞു ‘അമ്മയ്ക്കു നല്ല സന്തോഷം ഉണ്ടെന്നറിയിക്കാൻ പറഞ്ഞു’. എന്തായിരിക്കും യഥാർഥത്തിൽ അവർ ഉദ്ദേശിച്ചത്?*

*എ) അമ്മയ്ക്ക് നല്ല ആഹ്ലാദമുണ്ട്*
*ബി) അമ്മയ്ക്ക് നല്ല സങ്കടം ഉണ്ട്*
*സി) അമ്മയ്ക്ക് നല്ല ആനന്ദമുണ്ട്*
*ഡി) അമ്മയ്ക്ക് നല്ല വെറുപ്പുണ്ട്*

**മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ**




# ഗവ. യു. പി സ്കൂൾ വടക്കുന്തല



## ചിലങ്ക 2017

**ഓണാഘോഷവും കലാപ്രതിഭകളെ അനുമോദിക്കലും**
**2017 ഓഗസ്റ്റ് 31 വ്യാഴം രാവിലെ 9 മണിക്ക്**

മാന്യരേ,

വടക്കുന്തല ഗവ.യു.പി. സ്കൂളിലെ ഓണാഘോഷവും കലാപ്രതിഭകളെ അനുമോദിക്കലും 2017 ഓഗസ്റ്റ് 31 വ്യാഴം രാവിലെ 9 മണി മുതൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. കലാപരിപാടികൾ, അത്തപ്പൂക്കള മത്സരം, ഓണസദ്യ, ഓണക്കിറ്റ് വിതരണം, സാംസ്കാരിക സദസ്സ് തുടങ്ങിയ പരിപാടികൾ ഇതോടനുബന്ധിച്ച് നടത്തുന്നു. എസ്.എം.സി. ചെയർപേഴ്സൺ ശ്രീമതി. ജയ സംഗീതിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ പ്രശസ്ത സാസ്കാരിക പ്രവർത്തക ശ്രീമതി ലോലിത ഓണാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്യുന്നു. ഉദ്ഘാടനവേളയിലും തുടർന്ന് നടക്കുന്ന പരിപാടികളിലും അങ്ങയുടെ സാന്നിധ്യവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി. ജയ സംഗീത്
എസ്.എം.സി.
ചെയർപേഴ്സൺ

ശ്രീമതി. ഇന്ദു രമേഷ്
ഹെഡ്മിസ്ട്രസ്

22.08.2017
വടക്കുന്തല



*ഷിനോയുടെ വീട്ടിൽ നിന്നും സ്കൂളിലേക്ക് അരമണിക്കൂർ ദൂരമുണ്ട്. ഷിനോയുടെ അമ്മ ഈ പരിപാടിയിൽ പങ്കെടുക്കാൻ വീട്ടിൽ നിന്നും പുറപ്പെടേണ്ട തീയതിയും സമയവും ഏതാണ്?*

*എ) 22.08.2017 രാവിലെ എട്ടരയ്ക്ക്*

*ബി) 31.08.2017 രാവിലെ എട്ടരയ്ക്ക്*

*സി) 31.08.2017 രാവിലെ ഒമ്പതിന്*

*ഡി) 22.08.2017 രാവിലെ ഒമ്പതിന്*

*മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ*




# സ്നേഹത്തിന്റെ പൂ, കനി, വേര്



ഗുരു സ്വന്തമായി നടത്തുന്ന ഒരു കടയിൽ സാധനം വാങ്ങാൻ ഒരു സ്ത്രീ വന്നു. അദ്ദേഹം ചോദിച്ചു. മകളേ നിനക്കെന്താണു വേണ്ടത്?

എനിക്ക് ആരോഗ്യവും സൗന്ദര്യവും വേണം. പിന്നെ സമ്പത്തും സൗഭാഗ്യവും.

ഗുരു ചിരിച്ചു കൊണ്ടു പറഞ്ഞു. മകളേ ഇതു നാലും നിനക്കുവേണം അല്ലേ? പക്ഷെ ഇവ റെഡിമെയ്ഡായി കിട്ടില്ല. പകരം ഇതെല്ലാം നേടാനുതകുന്ന ഒരു വിത്ത് നിനക്കു ഞാൻ തരാം. സ്നേഹം എന്നാണതിന്റെ പേര്.

ഇത് നീ നിന്റെ ഹൃദയത്തിൽ പാകി, അറിവിന്റെ ജലം പകർന്ന് വളർത്തണം. ഉണർന്നിരിക്കുന്ന ഒരു നിമിഷം പോലും ഇതിനെ മറക്കരുത്. ക്രമേണ ഉറക്കത്തിലും ഇതു നിന്റെ മനസ്സിലുണ്ടാകും.കോപത്തിന്റെ മിന്നൽ തട്ടിയാൽ, അശ്രദ്ധയുടെ കാറ്റടിച്ചാൽ, അസൂയയുടെ തീ പറ്റിയാൽ, അഹങ്കാരത്തിന്റെ നീരേറ്റാൽ ഈ വിത്തു മുളക്കില്ല. അതുകൊണ്ട് ഇവയൊന്നും ബാധിക്കാതെ നീ ഈ ബീജം മുളപൊട്ടുന്നത്, അതിൽ നിന്ന് ആദ്യത്തെ തളിരിലകൾ വരുന്നത്, ഇളം തണ്ടുകൾ പൊടിച്ചു വരുന്നത് ശ്രദ്ധയോടെ നോക്കിയിരിക്കണം. സ്നേഹത്തിന്റെ സസ്യം വേഗം വേഗം വളർന്നു വരാൻ സഹനത്തിന്റെ മണ്ണ് എപ്പോഴും അതിന്റെ ചുവട്ടിലുണ്ടാകണം. കരുണയുടെ നിലാവിൽ അതു വളരെ വേഗം വളർന്ന് പൂവിടും, കായ്ക്കും. സ്നേഹത്തിന്റെ ഇളംചെടി ഹൃദയത്തിനകത്ത് വേരോടാൻ തുടങ്ങുന്നതോടെ, മകളേ നീ ആരോഗ്യവതിയാകും, സുന്ദരിയാകും, സമ്പന്നയാകും, സൗഭാഗ്യവതിയാകും.

*സ്നേഹത്തിന്റെ വിത്തുമുളയ്ക്കണമെങ്കിൽ നാം എന്തെല്ലാം ഉപേക്ഷിക്കണം?*

*എ) അറിവ്, കോപം, വിനയം, മറവി*

*ബി) കോപം, അശ്രദ്ധ, അസൂയ, അഹങ്കാരം*

*സി) മിന്നൽ, കാറ്റ്, തീ, നീര്*

*ഡി) കരുണ, സഹനം, അറിവ്, ശ്രദ്ധ*




# കഥ തുടങ്ങുന്നു..

**അ**മ്മേ നാളെയാണ് രചനാമത്സരങ്ങൾ. വീട്ടിൽ വന്നു കയറിയതും അനു ഉറക്കെ വിളിച്ചു പറഞ്ഞു. ഞാൻ കഥാരചനയ്ക്കു പേരു കൊടുത്തിട്ടിണ്ട്. എന്തായിരിക്കുമോ വിഷയം?

ചായ കുടിച്ച് യൂണിഫോം മാറ്റി നേരെ പറമ്പിലേക്ക്. പതിവു ചുറ്റിനടത്തത്തിനിടയിലും ചിന്ത അതു തന്നെ. എന്തായിരിക്കും നാളത്തെ വിഷയം? കഴിഞ്ഞ തവണ പ്രകൃതിയായിരുന്നു വിഷയം. ഇത്തവണയും അതു തന്നെയാവുമോ? എങ്കിൽ ഇത്തവണത്തെ കഥ എന്റെ സുന്ദരിപ്പൂച്ചയെക്കുറിച്ചു തന്നെ.

അല്ല, സുന്ദരിയെ ഇതു വരെ കണ്ടില്ലല്ലോ. അല്ലെങ്കിൽ താൻ വരുമ്പോഴേക്കും ഓടിപ്പാഞ്ഞുവന്ന് കാലിൽ ഉരുമ്മി സ്നേഹം പ്രകടിപ്പിക്കാറുള്ളതാണ്. ഇന്നവൾക്കെന്തു പറ്റി?

പറമ്പിന്റെ മൂലയ്ക്കുള്ള ചെത്തിയിൽ അടയ്ക്കാക്കിളി കൂടുകൂട്ടിയിരുന്നു. കൂട്ടിലെ കുഞ്ഞിക്കിളികൾ പറക്കാറായോ എന്തോ! അനു അങ്ങോട്ടു നടന്നു. കിളികൾ കൂടൊഴിഞ്ഞു പോയിരിക്കുന്നു.



സുന്ദരിയെ തിരയുക തന്നെ. അനു തിരികെ നടന്നു. കുറച്ചു ദിവസമായി ഒരു കാടൻപൂച്ച സുന്ദരിക്കുട്ടിയെ ഉപദ്രവിക്കാൻ നോട്ടമിടുന്നു. അനുവിന് എന്തോ വിഷമം തോന്നി. പെട്ടെന്നാണ് അവളതു കണ്ടത്.

ഒന്നേ നോക്കിയുള്ളൂ. കരഞ്ഞു കൊണ്ട് ഒറ്റ ഓട്ടമായിരുന്നു. അമ്മേ.. സുന്ദരി.. അവിടെ. അമ്മ അവളെ മാറോടു ചേർത്ത് മുടിയിൽ തഴുകി.

കണ്ടെത്താം.

*സുന്ദരിപ്പൂച്ചയെ അതിദാരുണമായ അവസ്ഥയിലാണ് കണ്ടത് എന്നു സൂചിപ്പിക്കാൻ ഏറ്റവും ശക്തമായ ഭാഷയാണ് ഈ കഥയിൽ ഉപയോഗിച്ചിരിക്കുന്നത്. അത് ഏത്?*

*എ) കാടൻ പൂച്ച ഉപദ്രവിക്കാൻ നോട്ടമിടുന്നു*

*ബി) ഒന്നേ നോക്കിയുള്ളൂ, കരഞ്ഞുകൊണ്ടൊരോട്ടമായിരുന്നു*

*സി) അമ്മ അവളെ മാറോട് ചേർത്ത് തഴുകി*


*ഡി) ഇന്നവൾക്കെന്തു പറ്റി?*






# അവിയൽ

**കേ**രളത്തിലെ ആളുകളുടെ ഇഷ്ട വിഭവമാണ് അവിയൽ. എല്ലാ പച്ചക്കറികളും ചേർന്ന സ്വാദിഷ്ഠവും പോഷകപ്രദവുമായ അവിയൽ ഉണ്ടായതിനെപ്പറ്റി ഒട്ടേറെ ഐതിഹ്യങ്ങളും കഥകളും പ്രചാരത്തിലുണ്ട്. അതിലെ ഒരു കഥ നോക്കൂ.



സ്വാതിതിരുനാൾ മഹാരാജാവിന്റെ കൊട്ടാരത്തിലെ കവിയായിരുന്നു ഇരയിമ്മൻ തമ്പി. ഒരിക്കൽ കൊട്ടാരത്തിൽ ഒരു സദ്യ നടന്നപ്പോൾ കറി തികയാതെ വന്നു. ഇരയിമ്മൻ തമ്പി പാചകശാലയിൽ ചെന്നു അവിടെ മുറിച്ചുവെച്ച പച്ചക്കറികളുടെ ഭാഗങ്ങൾ കണ്ടു. അവയെല്ലാം കോരിയെടുത്തു. കഴിക്കാൻ കൊള്ളാവുന്ന ഭാഗങ്ങൾ തരംതിരിച്ചു. വലിയ രണ്ടു വട്ടി പച്ചക്കറി കഷണങ്ങൾ കിട്ടി. അതെല്ലാം കൂടി വലിയ ചരുവത്തിൽ ഇട്ട് വേവിച്ച് എരിശ്ശേരി ഉണ്ടാക്കാൻ നോക്കി. എന്നാൽ ഉണ്ടാക്കി വന്നപ്പോൾ അത് വേറൊരു കറിയായി. ഊണിന് ഇത് വിളമ്പി. നല്ല മണവും രുചിയുമുള്ള പുതിയ കറി എല്ലാവർക്കും ഇഷ്ടമായി. ആൾക്കാർ പുതിയ വിഭവത്തിന് പിടിവലിയായി. പിന്നീട് ഇരയിമ്മൻ തമ്പി കൂടുതൽ സ്വാദോടെ ഈ വിഭവം വീണ്ടും ഉണ്ടാക്കി. അവിയൽ എന്നു പേരിടുകയും ചെയ്തു.



ഇതു കൂടാതെയും നമ്മുടെ അവിയലിനെപ്പറ്റി കുറെ കഥകളുണ്ട്. പാണ്ഡവൻമാരുടെ വനവാസക്കാലത്ത് അവിയൽ ഉണ്ടാക്കിയ കഥയും പ്രചാരത്തിലുണ്ട്. പാചകമറിയാത്ത ഭീമനാണത്രേ അവിയൽ കണ്ടുപിടിച്ചത്!

ചേന, കായ, മുരിങ്ങിക്ക, കാരറ്റ്, കുമ്പളങ്ങ, പടവലങ്ങ, പച്ചപ്പയർ, ബീൻസ്, വെള്ളരിക്ക, പാവയ്ക്ക, നേന്ത്രക്കായ, ഉള്ളി, പച്ചമുളക്, കറിവേപ്പില തുടങ്ങി വിവിധയിനം പച്ചക്കറികൾ അവിയലിൽ ചേർക്കാം. എല്ലാം നീളത്തിൽ ആണ് അരിയേണ്ടത്. അരിഞ്ഞ പച്ചക്കറി മഞ്ഞൾപ്പൊടി ചേർത്ത് വേവിക്കുന്നു. വെന്തു കഴിഞ്ഞാൽ തൈര് ഒഴിക്കുന്നു. (തൈരിനു പകരം പച്ചമാങ്ങ ചേർത്തും അവിയൽ ഉണ്ടാക്കാറുണ്ട്) തുടർന്ന് തേങ്ങ, ജീരകം, പച്ചമുളക്, കറിവേപ്പില എന്നിവ ചതച്ചിടുന്നു. വാങ്ങി വച്ച ശേഷം വെളിച്ചെണ്ണ ഒഴിക്കുന്നു. അവിയൽ തയാർ.

*ആകെ അവിയലു പോലെയായി. എന്നൊരു പ്രയോഗം നമ്മുടെ നാട്ടിൽ ഉണ്ട്. ഈ കറിയിൽ നിന്ന് അങ്ങനെ ഒരു പ്രയോഗമുണ്ടാകാൻ കാരണമെന്തായിരിക്കും?*

*എ) പലതരം ആളുകൾ ചേരുന്നതിനാൽ*
*ബി) എല്ലാം കൂടി കൂടിക്കലർന്ന അവസ്ഥയിൽ കാണുന്നതിനാൽ*
*സി) നല്ല അനുഭവമാകുന്നതിനാൽ*
*ഡി) ഒന്നുദ്ദേശിച്ചു ചെയ്ത് മറ്റൊന്നു സംഭവിക്കുന്നതിനാൽ*






# കണിക്കൊന്ന പൂത്തപ്പോൾ

വിഷുക്കാലം വന്നല്ലോ
കണിക്കൊന്ന പൂത്തല്ലോ
കണ്ണിനു കണിയായി
പൊന്നിൻ നിറമായല്ലോ !

വിഷുപ്പക്ഷി പാടുന്നു
വിത്തെല്ലാം വിതയ്ക്കാറായ്
കണി മുമ്പിൽ നിറയുവാൻ
കതിരിട്ടൂ പാടങ്ങൾ

പൊൻതളിക ഒരുക്കുന്നു
കണിവെള്ളരി കണ്ണിമാങ്ങ
കൃഷിക്കാലം പൊലിക്കട്ടേ
അകമെല്ലാം നിറയട്ടേ.

*1. വിഷുവിന്റെ നിറം എന്താണ് ?*


- *എ) വിഷുപ്പക്ഷിയുടെ നിറം*
- *ബി) പൊന്നിൻ നിറം*
- *സി) കണ്ണിമാങ്ങയുടെ നിറം*
- *ഡി) വിത്തിന്റെ നിറം*

*2. "അകമെല്ലാം നിറയട്ടെ" എന്നതുകൊണ്ട് ഞാൻ മനസിലാക്കിയത്*

- *എ) കൃഷിയിൽ നിന്നും വിളവുണ്ടായി. വീടും മനസും നിറഞ്ഞു*
- *ബി) വിത്ത് വിതയ്ക്കുമ്പോൾ വിഷുപക്ഷി പാടി നിറഞ്ഞു*
- *സി) കണിക്കൊന്ന പൂത്തു നിറഞ്ഞു*
- *ഡി) കൈനീട്ടം നല്കുമ്പോൾ മടിശീല നിറയും*




# അഹിംസപ്പട്ട്



**പ**ട്ടു സാരിയെന്ന് നിങ്ങൾ കേട്ടിട്ടുണ്ടോ?

പട്ടു സാരിയുണ്ടാക്കുന്ന പട്ട് എവിടെ നിന്നാണ് കിട്ടുന്നതെന്ന് നിങ്ങൾക്കറിയാമോ ?

പട്ടു നൂൽപ്പുഴുവിനെ വളർത്തി അവയെ തിളച്ച വെള്ളത്തിലിട്ട് പുഴുങ്ങി പുഴു ചത്ത് കഴിയുമ്പോൾ കൊക്കൂണിൽ നിന്നും നൂൽ നൂറ്റെടുത്ത് പട്ടുണ്ടാക്കും.

കഷ്ടം ! പാവം പട്ടുനൂൽപ്പുഴുക്കൾ!

ഇത് കണ്ട് വിഷമം തോന്നിയ ആന്ധ്രാപ്രദേശിലെ ഒരു ഗവൺമെന്റ് ജീവനക്കാരനുണ്ടായിരുന്നു.

കുസുമ രാജയ്യ 1972 ൽ പട്ടു നൂൽപ്പുഴുക്കളെ കൊല്ലാതെ അവയുടെ സഹായത്താൽ പട്ടുണ്ടാക്കി. ഇതിന് ലോക വ്യാപകമായ പിന്തുണയും ലഭിച്ചു. പട്ടുണ്ടാക്കാൻ പുഴുക്കളെ തിളച്ച വെള്ളത്തിലിട്ട് പുഴുങ്ങുന്നതിനു പകരം മുട്ട വിരിഞ്ഞ് പുറത്തുപോകാനനുവദിക്കുകയും കൊക്കൂൺ പട്ടു നിർമാണത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന എറി (എറാൻഡി) പട്ട് ഇത്തരത്തിലാണ് ഉല്പാദിപ്പിക്കുന്നത്.

*അഹിംസപ്പട്ട് എന്ന തലക്കെട്ടുമായി യോജിക്കുന്ന പ്രസ്താവനയേത്?*

*എ) പട്ടുനൂൽപ്പുഴുവിനെ തിളച്ചവെള്ളത്തിട്ട് പുഴുങ്ങിയുണ്ടാക്കുന്ന പട്ട്*

*ബി) പട്ടു നൂൽപ്പുഴുവിനെ കൊല്ലാതെ കൊക്കൂൺ എടുത്തുണ്ടാക്കുന്ന പട്ട്*

*സി) കുസുമരാജയ്യയ്ക്ക് വിഷമം തോന്നിച്ച പട്ട്*

*ഡി) നാം ഉപയോഗിക്കുന്ന പലതിന്റെയും നിർമാണത്തിൽ ഹിംസയുണ്ട്*

**മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ**






# നാലു കൈയുള്ള ഒരിന്ത്യൻ കളിക്കാരൻ

**ഇ**ങ്ങനെ ഒരു ഇന്ത്യക്കാരനുണ്ടോ? ഹോക്കിയിൽ ഇന്ത്യ ആദ്യം തോൽപ്പിച്ച ആസ്ട്രിയക്കാരിൽ ചിലരെങ്കിലും ഇങ്ങനെയൊരു ഇന്ത്യക്കാരനുണ്ടായിരുന്നുവെന്ന് വിശ്വസിക്കുന്നു. എതിർ ടീമുകളെ വെറും കാണികളാക്കി നിർത്തുന്ന മാന്ത്രികത, പെരുമാറ്റത്തിൽ ഏറ്റവും സൗമ്യത നിറഞ്ഞ ആൾ, ഓരോ കളി കഴിയുമ്പോഴും കാണികളെ ആരാധകരാക്കി മാറ്റുന്ന കളി മികവ്. ഇതായിരുന്നു ധ്യാൻചന്ദ്. ഇന്ത്യക്ക് തുടർച്ചയായി മൂന്നാം തവണ ഒളിമ്പിക്സിൽ ഹോക്കി സ്വർണമെഡൽ നേടിക്കൊടുത്ത ടീമുകളിലെ സുപ്രധാനകളിക്കാരനായിരുന്നു ധ്യാൻചന്ദ്. 1905 ഓഗസ്റ്റ് 29 ന് അലഹബാദിൽ ജനിച്ചു.

ധ്യാൻചന്ദ് യുഗം ഇന്ത്യൻ ഹോക്കിയുടെ സുവർണ്ണകാലഘട്ടമായി കണക്കാക്കപ്പെടുന്നു. 1932-ലെ ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിൽ ഇന്ത്യ - അമേരിക്ക ഫൈനലിൽ ആദ്യ പകുതിയിൽ തന്നെ ധ്യാൻചന്ദിന്റെ മാന്ത്രിക ഗോളുകളിൽ ഇന്ത്യ മുന്നിട്ടു നിന്നു. ഒരു അമേരിക്കൻ കളിക്കാരന് സംശയം. ധ്യാൻചന്ദിന്റെ സ്റ്റിക് മാന്ത്രിക വടിയാണോ? അമ്പയറോട് സംശയം ഉന്നയിച്ചു. അമ്പയർ അമ്പരന്നു നിൽക്കേ ധ്യാൻചന്ദ് തന്റെ സ്റ്റിക് അമേരിക്കകാരന് നൽകി. പകരം അയാളുടെ സ്റ്റിക് ധ്യാൻചന്ദും എടുത്തു. എന്നിട്ടും രണ്ടു ഡസൻ ഗോളുകൾ വലനിറച്ചു! സ്കോർ(24-1). ഒളിമ്പിക്സിൽ ഇന്നും ഭേദിക്കപ്പെടാതെ റെക്കോർഡാണിത്. ആകെ കരിയറിൽ 1000 ഗോളുകൾ ! അതിൽ 400 ഉം അന്താരാഷ്ട്രമത്സരങ്ങളിൽ നിന്ന്. ഇന്ത്യൻ ഹോക്കിയെ ലോകത്തിന്റെ നെറുകയിൽ പ്രതിഷ്ഠിച്ച ധ്യാൻചന്ദ് എന്ന ഹോക്കി മാന്ത്രികനോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ ജന്മദിനം ഇന്ത്യൻ ദേശീയ കായികദിനമായി ആചരിക്കുന്നു.

1. *'ധ്യാൻ ചന്ദിന്റെ ഹോക്കി സ്റ്റിക് മാന്ത്രിക വടിയാണോ' എന്നു ചോദിക്കാൻ കാരണം?*
   - *എ) അമേരിക്കൻ കളിക്കാരന്, കളിക്കാരനിലല്ല ഉപയോഗിക്കുന്ന സ്റ്റിക്കിലാണ് വിശ്വാസം.*
   - *ബി) ധ്യാൻചന്ദ് ഇന്ത്യാക്കാരനായതിനാൽ*
   - *സി) അതിശയിപ്പിക്കും വിധം ധാരാളം ഗോളുകൾ വീഴ്ത്തുന്നതിനാൽ*
   - *ഡി) ചില വടിവെച്ച് കളിച്ചാൽ, ചില പേന വെച്ച് എഴുതിയാൽ, ചില നിറമുള്ള വസ്ത്രം ധരിച്ചാൽ വിജയിക്കുമെന്ന അന്ധവിശ്വാസമുള്ളതിനാൽ*
2. *അതിശയത്തെ സൂചിപ്പിക്കാത്ത വാക്യം ഏത്?*
   - *എ) ഇങ്ങനെയും ഒരു ഇന്ത്യാക്കാരനുണ്ടോ?* *ബി) രണ്ടു ഡസൻ ഗോളുകൾ വല നിറച്ചു*
   - *സി) ധ്യാൻചന്ദിന്റേത് മാന്ത്രിക വടിയാണോ?* *ഡി) ആകെ കരിയറിൽ 1000 ഗോളുകൾ!*




# കാടുണ്ടേ... കാടുണ്ടിവിടെ....



കാടുണ്ടേ കാടുണ്ടിവിടെ
കാട് നിറയെ മരമുണ്ടേ
കൂടുണ്ടേ കൂടുണ്ടിവിടെ
കൂടു നിറയെ കിളിയുണ്ടേ
കിളിയുണ്ടേ കിളിയുണ്ടിവിടെ
പാട്ടുകൾ പാടണകിളിയുണ്ടേ
പാട്ടുണ്ടേ പാട്ടുണ്ടിവിടെ
തേൻ നിറയും പാട്ടുണ്ടേ
തേനുണ്ടേ തേനുണ്ടിവിടെ
തേൻ നുകരണ കൂട്ടരുണ്ടേ
കാടുണ്ടേ കാടുണ്ടിവിടെ
കുളിരു നിറയണ കാടുണ്ടേ

*ഈ പാട്ടിന്റെ താളത്തിനോട് ചേരുന്ന വരികളേത്*

*എ)* *കാടെവിടെ മക്കളേ മേടെവിടെ മക്കളേ*
*കാട്ടുപുൽത്തകിടിയുടെ വേരെവിടെ മക്കളേ*

*ബി)* *കാടിന്നു ഞാനെന്തു പേരിടും*
*കാട്ടിലെ കൂട്ടുകാർക്കെന്തുഞാൻ പേരിടും*

*സി)* *നേരാണേ നേരാണേയിതു*
*പേരിന്നുള്ളിലെ നേരാണേ*


*ഡി)* *കാട് കറുത്ത കാട്*
*മനുഷ്യനാദ്യം പിറന്ന വീട്*

മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ



യു.പി.
17

# സൈലൻസ് – അഭിരാമി



**ആ**ളില്ലാത്ത അഞ്ച് സി കണ്ട് ആറ് എയിലെ ടീച്ചർ
പറഞ്ഞു
പേരെഴുത് !
ലീഡർ ഉത്സാഹത്തോടെ തരംതിരിച്ചെഴുതാൻ തുടങ്ങി.
കല്ലു കളിച്ചവർ
കൂക്കിവിളിച്ചവർ
നാരങ്ങ നുണഞ്ഞവർ
നൂറാങ്കോലെറിഞ്ഞവർ
ചുട്ട പുളിങ്കുരു തിന്നവർ
പച്ചപ്പുളിമാങ്ങ പങ്കുവെച്ചവർ
ബഞ്ച് കുതിരയാക്കിയവർ
ബലൂണൂതി പൊട്ടിച്ചവർ
ബഹളമയം !

സഹികെട്ട് ക്ലാസ് ടീച്ചറുടെ വയസ്സൻ കസേര മേശമേൽ കേറിയിരുന്നു.
കണ്ണട ശരിയാക്കി
ഗൗരവത്തോടെ പറഞ്ഞു.
'സൈലൻസ്... സൈലൻസ്...'
അതുകേട്ട
ആമിനയുടെ ഓമനക്കല്ല് ബാഗിലൊളിച്ചു
ചിന്നുവിന്റെ പുളിങ്കുരു ചിതറി
ബലൂണുകൾ തലകറങ്ങി വീണു
കനത്ത നിശ്ശബ്ദത
അപ്പോൾ ക്ലാസിലേക്കു വന്ന ടീച്ചർ അന്തംവിട്ടു.

*പലതരം പ്രവൃത്തികളിൽ (ക്രിയകളിൽ) ഏർപ്പെട്ടവരുടെ പേരുകളാണ് ലീഡർ തരം തിരിച്ച് എഴുതിയത്? ഏതിനത്തിൽപ്പെട്ടവരുടെ പേരുകളായിരിക്കും കൂടുതൽ എഴുതിയിട്ടുണ്ടാവുക?*

*എ) തീറ്റയുമായി ബന്ധപ്പെട്ട ക്രിയകളിലേർപ്പെട്ടവർ*
*ബി) കളിയുമായി ബന്ധപ്പെട്ട ക്രിയകളിലേർപ്പെട്ടവർ*
*സി) ഭയവുമായി ബന്ധപ്പെട്ട ക്രിയകളിലേർപ്പെട്ടവർ*
*ഡി) കുസൃതിയുമായി ബന്ധപ്പെട്ട ക്രിയകളിലേർപ്പെട്ടവർ*




# ഡോക്ടർ അകത്തുണ്ട്

ബാബുവും അമ്മയും അകത്തേക്കു കയറിച്ചെന്നു. ഡോക്ടറെ കണ്ട ഉടനെ അമ്മ പറഞ്ഞു തുടങ്ങി. 'ഡോക്ടറെ, ഇവൻ രാവിലെ വളരെ വൈകിയാണ് ഉണരുന്നത്. എട്ടൊമ്പതു മണിയാകും.'

ഡോക്ടർ : ഇവൻ സ്കൂളിൽ പോകുന്നില്ലേ ?

അമ്മ : ഉണ്ട് ഡോക്ടറെ, ധൃതി പിടിച്ച് ഒരോട്ടമാണ്. പുസ്തകം മറക്കും അല്ലെങ്കിൽ പേന മറക്കും. എന്നും ടീച്ചറുടെ പരാതി തന്നെ.

ഡോക്ടർ : കുട്ടി എപ്പോഴാണ് ഉറങ്ങുന്നത്?

അമ്മ : ഞാൻ കിടക്കാൻ 11 മണിയാകും. പിന്നെയും അവൻ കംപ്യൂട്ടറിൽ എന്തൊക്കെയോ പഠിക്കുകയാവും (മകനെ നോക്കി) നീ എപ്പോഴാ ഉറങ്ങുന്നത്.

ബാബു : ഒരു മണി രണ്ടു മണിയാവും.

ഡോക്ടർ : (അല്പം ആലോചിച്ചതിനുശേഷം) ഇതിന് ഡിലേയ്ഡ് സ്ലീപ് പേയ്സ് സിൻഡ്രോം എന്നു പറയും.

അമ്മ : ഇതൊരു വലിയ രോഗമാണോ സാർ.

ഡോക്ടർ : കുഴപ്പമില്ല. ഈ മരുന്ന് കഴിച്ചു നോക്കൂ. ഗുളിക രാത്രി 9 – 10 മണിക്ക് കഴിക്കണം. ഉടനെ കിടക്കണം. 10 മണിക്ക് ശേഷം കംപ്യൂട്ടർ, ടി.വി. എന്നിവ ഉപയോഗിക്കരുത്.

ബാബു : അപ്പോൾ എന്റെ ഫ്രണ്ട്സ്?

അമ്മ : ഇവൻ പഠിക്കുകയാണെന്നാ ഞാൻ കരുതിയത്.



*'അപ്പോൾ എന്റെ ഫ്രണ്ട്സ്' എന്ന് ബാബു പറഞ്ഞതിന്റെ പൊരുളെന്ത്?*

*എ) കൂട്ടുകാർ നേരത്തെ ഉറങ്ങുന്നവരാണ്*

*ബി) ഞാനും കൂട്ടുകാരും രാത്രി ഏറെ വൈകും വരെ ചാറ്റു ചെയ്യുന്നത് ഒഴിവാക്കണമോ?*

*ഡി) കൂട്ടുകാരെ ആശുപത്രിയിൽ കൊണ്ടുവരട്ടെ?*

*ഇ) ഞാൻ ഡോക്ടർ പറഞ്ഞത് അനുസരിക്കില്ല.*




# അച്ചടക്കം

**അ**ന്ന് അസംബ്ലിയുള്ള ദിവസമായിരുന്നു. ടീച്ചർമാരും ഹെഡ്മാസ്റ്ററും ഹാജരായി. ഹെഡ്മാസ്റ്റർ സംസാരിച്ചു.

നിങ്ങൾ സ്കൂളിന്റെ മുറ്റത്തു കിടന്ന് ഓടരുത്. അച്ചടക്കത്തോടെ പെരുമാറണം.

"ഓ!"

ഞങ്ങളുടെ ഇടയിൽ നിന്നൊരു ശബ്ദം ! ഞങ്ങൾ അത്ഭുതപ്പെട്ടുപോയി.

ഹെഡ്മാസ്റ്ററുടെ മുമ്പിൽ നിന്ന് കമാന്നൊരക്ഷരം മിണ്ടാത്തവരല്ലേ ഞങ്ങൾ. വെറും ഭീരുക്കൾ ഇപ്പോൾ ഇതാർക്കാ ഇത്ര ധൈര്യം !



'ആരാ അത്?' ഹെഡ്മാസ്റ്റർ വിളിച്ചു ചോദിച്ചു.

നിശ്ശബ്ദത.

' ഓ, അങ്ങനെ വഴിക്കുവാ.' ഹെഡ്മാസ്റ്റർ പറയാൻ തുടങ്ങി.

'പിന്നെ, ചോറു തിന്നിട്ട് ഇല പിറകുവശത്ത് ഇടരുത്. .... .......പിന്നെ'

'ഓ'

'ആരാടാ അത് ?'

'ഞാൻ തന്നെയാ സാറേ'

ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കൊച്ചു കുട്ടി മുന്നോട്ടു വന്നു. ഞങ്ങൾ അവനെ നോക്കി വാ പൊളിച്ചു. ഹെഡ്മാസ്റ്ററും അവനെ സൂക്ഷിച്ചു നോക്കുന്നതു കണ്ടു. പിന്നെ ഹെഡ്മാസ്റ്റർ ചിരിച്ചു. ഞങ്ങളും കൂടെ ചിരിച്ചു.

പിന്നെ ചിരിയുടെ പൂരമായിരുന്നു.

1. *കുട്ടി മുന്നോട്ടു വരാൻ എന്താണു കാരണം ?*

   *എ) ധൈര്യശാലിയായതുകൊണ്ട്*

   *ബി) ശബ്ദമുണ്ടാക്കിയവനായതുകൊണ്ട്*

   *സി) കുട്ടി നിഷ്കളങ്കനായതുകൊണ്ട്*

   *ഡി) മറ്റു കുട്ടികൾ വരാത്തതുകൊണ്ട് ?*

2. *പിന്നെ 'ഹെഡ്മാസ്റ്റർ ചിരിച്ചു. ഞങ്ങളും കൂടെ ചിരിച്ചു? പിന്നെ ചിരിയുടെ പൂരമായിരുന്നു ? ചിരിയുടെ പൂരം എന്ന പ്രയോഗത്തിനോട് ചേരുന്ന ആശയമേത്?*

   *എ) ഓരോരുത്തരായി ക്രമത്തിൽ ചിരിച്ചു*

   *ബി) ഹെഡ്മാസ്റ്റർക്ക് ചിരിക്കാമെങ്കിൽ മററുള്ളവർക്കും ചിരിക്കാം*

   *സി) അധ്യാപകരും കുട്ടികളും ചിരിച്ചു*

   *ഡി) എല്ലാവരും മനസുതുറന്ന് പൊട്ടിപ്പൊട്ടിച്ചിരിച്ചു.*




# ആകാശം വിലയ്ക്കുവാങ്ങുന്നവർ

**വീ**ടുതാമസം കഴിഞ്ഞ് മാമന്റെ കാറിലാണ് ആമിനക്കുട്ടിയും ഉമ്മയും പോന്നത്. തിരുവനന്തപുരത്തു നിന്നും ഹൈവേയിലൂടെയുള്ള യാത്രയിൽ ഉമ്മ സംസാരിച്ചുകൊണ്ടേയിരുന്നു. മാമനും വർത്തമാനത്തിൽ ഒട്ടും പിന്നിലല്ല. ജോലി ചെയ്യുന്ന കമ്പനിയെക്കുറിച്ചും കൂടെയുള്ള എൻജിനീയർമാരെക്കുറിച്ചുമായിരുന്നു മാമൻ പറഞ്ഞു കൊണ്ടിരുന്നത്.

12 നിലകളിലുള്ള വലിയ കെട്ടിടത്തിലാണ് മാമന്റെ ഫ്ളാറ്റ്. അതിലെ ഏറ്റവും മുകളിലത്തെ നിലയിൽ കയറി ചുറ്റുമൊന്ന് നോക്കണമെന്നുണ്ടായിരുന്നു. പക്ഷേ ആരെയും മുകളിലേക്ക് കയറ്റി വിട്ടിരുന്നില്ല. മാമന്റെ വീടുതാമസം* നല്ല രസമായിരുന്നു. നാട്ടിലെ പോലെ അധികം ആളുകൾ ഉണ്ടായിരുന്നില്ല. ഉള്ളവരിൽ അധികവും മാമന്റെ കമ്പനിയിലെ കൂട്ടുകാരായിരുന്നു. താഴെയുള്ള വീടുകളിൽ നിന്നൊന്നും ആളുകളെ കണ്ടതേയില്ല.

സ്ത്രീകളും പുരുഷന്മാരുമൊക്കെ ഒരുമിച്ചിരുന്നാണ് ഭക്ഷണം കഴിച്ചത്. ഐസ്ക്രീമും ഫ്രൂട്ട് സാലഡുമൊക്കെ എത്ര വേണേലും കഴിക്കാം. ഞാൻ രണ്ട് ഐസ്ക്രീം കഴിച്ചു. മൂന്നാമത് എടുക്കാൻ ഉമ്മ സമ്മതിച്ചില്ല. ബാൽക്കണിയിൽ നിന്നു നോക്കിയാൽ ഒരു പാടു ദൂരെ വരെ നന്നായി കാണാം. കെട്ടിടങ്ങളും വലിയ വലിയ മരങ്ങളുമൊക്കെ മുകളിൽ നിന്ന് ആദ്യമായാണ് കാണുന്നത്. റോഡിലൂടെ ബസ്സുകൾ ചെറിയ പെട്ടികൾ പോലെ നീങ്ങുന്നു. മാമനെ തിരക്കൊഴിഞ്ഞു കിട്ടിയപ്പോൾ ഉമ്മയ്ക്ക് അറിയേണ്ടത് ഫ്ളാറ്റിന്റെ വിലയെക്കുറിച്ചായിരുന്നു.



“ഇത്രയും പൈസയുണ്ടെങ്കിൽ സ്വന്തമായി സ്ഥലം വാങ്ങി വീടുവയ്ക്കാമായിരുന്നില്ലേ?” എന്നും ചോദിക്കുന്നത് കേട്ടു. മാമൻ ചിരിച്ചതല്ലാതെ മറുപടി പറഞ്ഞില്ല.

ഉമ്മയുടെ വർത്തമാനത്തിന്റെ ഇടവേളയിൽ ഞാനും ചിലത് ചോദിച്ചു.

“ഈ വീടിന്റെ മുകളിൽ മാമന് ഇനിയും കെട്ടിടം ഉണ്ടാക്കിക്കൂടെ?”

മാമൻ ചിരിച്ചുകൊണ്ട് പറഞ്ഞു. “അത് പറ്റില്ല. മുകൾ ഭാഗം എല്ലാവരുടേയും ആണ്.”

“അപ്പോൾ അതിന്റെ താഴെയുള്ള മണ്ണൊന്നും മാമന്റെ അല്ലേ ?” എന്റെ ചോദ്യം കേൾക്കാത്ത മട്ടിൽ മാമൻ കാറിന്റെ പാട്ടിന്റെ ശബ്ദം കൂട്ടി. ആകാശത്തുള്ള ഈ വീട് പൊളിക്കാൻ പറ്റുമോ? ഇതിന്റെ താഴെയുള്ള ആരെങ്കിലും പൊളിക്കാൻ ശ്രമിച്ചാലോ? അഥവാ ഇതെല്ലാം ഒരു ഭൂകമ്പത്തിൽ ഇടിഞ്ഞു വീണാൽ ഭൂമിയിൽ മാമന്....? ചോദിക്കാൻ എനിക്ക് ധൈര്യം വന്നില്ല. മനസ്സിൽ നിന്നും ഉയരുന്ന ചോദ്യങ്ങളെ അടക്കിക്കൊണ്ട് ഞാൻ പുറത്തേക്ക് നോക്കിയിരുന്നു.

(* വീടുതാമസം - ഗൃഹപ്രവേശം)

*“നമ്മുടെ നാട്ടിലെ വീടിന്റെ പോലെ മുകളിലുള്ള ആകാശവും താഴെയുള്ള മണ്ണുമൊന്നും മാമന്റെ അല്ലേ” ആമിനക്കുട്ടിയുടെ ഈ ചോദ്യസൂചനയിൽ നിന്ന് എന്താണ് മനസ്സിലാക്കാവുന്നത്?*

*എ) വീടുകളുടെ മുകളിൽ ആകാശമുണ്ട്*

*ബി) ഗ്രാമത്തിലെവീടുകൾ മണ്ണിലാണ് പണിയുന്നത് എന്നാൽ ഫ്ളാറ്റുകൾ ആകാശത്താണ് പണിയുന്നത്*

*സി) നഗരത്തിലെ ഫ്ളാറ്റുകളിൽ താമസിക്കുന്നതോടെ ഗ്രാമത്തിൽ ലഭിക്കുന്ന പല സൗഭാഗ്യങ്ങളും നഷ്ടമാകും*

*ഡി) ആകാശത്തെ വീടിന് ആകാശം വേണ്ട*




# വീഴ്ത്തല്ലേ......

കുഞ്ഞിക്കാറ്റേ, വാ വാ വാ
കുഞ്ഞിനു കൂട്ടായ് വാ വാ വാ
കുഞ്ഞിൻ തോളിൽ തട്ടും പോൽ
കുഞ്ഞു മരങ്ങളെയാലോലം
ആട്ടി രസിച്ചു നടന്നാട്ടേ
എന്തൊരു ചന്തം കാണട്ടെ
എന്തൊരു മണമാണിവിടെല്ലാം
ചന്തം തിങ്ങും പൂവെല്ലാം
ചിന്തീടൊല്ലേ കൊള്ളൂല്ലാ.
കുഞ്ഞിക്കാറ്റേ വികൃതി നീ
കുഞ്ഞിപ്പൂവിനെ വീഴ്ത്തല്ലേ...
നിന്നെ കാണുമ്പോഴെല്ലാം
വിങ്ങി വിറച്ചവർ മാറുന്നു
കുഞ്ഞിക്കാറ്റേ ചങ്ങാതി
കുഞ്ഞിപ്പൂവിനെ വീഴ്ത്തല്ലേ
വീണവൾ താഴെച്ചെളിമണ്ണിൽ
വിണതു കണ്ടാൽ സങ്കടമാം
കുഞ്ഞിക്കാറ്റേ കുഞ്ഞിക്കാറ്റേ
കുഞ്ഞിപ്പൂവിനെ വീഴ്ത്തല്ലേ



*കുഞ്ഞിക്കാറ്റിനെ കാണുമ്പോൾ അവൾ വിങ്ങി വിറയ്ക്കാൻ കാരണം ഏതു വരിയിലാണ് വ്യക്ത മാക്കിയിട്ടുള്ളത്?*

*എ) വീണവൾ താഴെച്ചെളിമണ്ണിൽ വിണതു കണ്ടാൽ സങ്കടമാം*
*ബി) എന്തൊരു ചന്തം കാണട്ടെ എന്തൊരു മണമാണിവിടെല്ലാം*
*സി) കുഞ്ഞു മരങ്ങളെയാലോലം ആട്ടി രസിച്ചു നടന്നാട്ടേ*
*ഡി) കുഞ്ഞിക്കാറ്റേ, വാ വാ വാ ,കുഞ്ഞിനു കൂട്ടായ് വാ വാ വാ*

**മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ**



യു.പി.
22

# വാട്സ് ആപ്



''അമ്മേ ആ മൊബൈൽ ഫോൺ ഒന്ന് തരുമോ ?

"പോയിരുന്നു പഠിക്ക്". അയോണയോട് അമ്മ ദേഷ്യത്തോടെ പറഞ്ഞു.

"ടീച്ചറോട് ഒരു സംശയം ചോദിക്കാനാ...."

അവൾ കൊഞ്ചിക്കൊണ്ട് പറഞ്ഞു.

അമ്മ സമ്മതിച്ചു.

അയോണ മൊബൈൽ ഫോൺ എടുത്ത് വാട്ട്സ് ആപ് തുറന്നു. സുഗന്ധി ടീച്ചറിന്റെ നമ്പറെടുത്തു. ഭാഗ്യം! ടീച്ചർ ഓൺലൈനിൽ ഉണ്ട്. അവൾ ടൈപ്പ് ചെയ്തു തുടങ്ങി.

ഹായ് ടീച്ചർ. ഞാൻ അയോണയാണ്.

ഹായ് അയോണ എന്തെടുക്കുന്നു?

ഒരു കാര്യം ചോദിക്കാനാ.

ചോദിക്കൂ.

കറുകയും, മുയൽ ചെവിയനും നിലപ്പനയും, എന്റെ വീട്ടിലുണ്ട്. വേറെ ഏതൊക്കെയാ ടീച്ചറേ വേണ്ടത്?

വിഷ്ണുക്രാന്തി കൊണ്ടുവരാമോ?

വിഷ്ണുക്രാന്തിയോ! അതെന്ത് ചെടിയാ?

നിലത്തു പറ്റി വളരുന്ന ചെടിയാ. നീല പൂക്കളും.

ശരി ടീച്ചറെ. ഞാൻ അമ്മയോട് ചോദിക്കാം.

ശരി അയോണ. ജൈവവൈവിധ്യ ഉദ്യാനത്തിലേക്ക് ഇനിയും നമുക്ക് കുറേ ചെടികൾ വേണം

ശരി ഞാൻ അമ്മയെ ഈ ചിത്രം കാണിക്കാം.

അയോണ മൊബൈൽ ഫോൺ പിടിച്ചുകൊണ്ട് അമ്മയുടെ അടുത്തേക്കോടി. ചിത്രം കാണിച്ചു. "ഈ ചെടി അമ്മ കണ്ടിട്ടുണ്ടോ?"

"ഇത് അപ്പുറത്തെ തൊടിയിലുണ്ടല്ലോ? നമുക്ക് നാളെ അതിന്റെ തൈ ഒരെണ്ണം പറിക്കാം."

"ശരി അമ്മേ... അയോണ മൊബൈൽ അമ്മയ്ക്കു കൊടുത്തിട്ട് അടുത്ത മുറിയിലേക്ക് പോയി."

1. *തൊടി എന്ന വാക്കിന്റെ അർഥം*
   - *എ) അയൽപക്കം*
   - *ബി) വിഷ്ണുക്രാന്തി വളരുന്നയിടം*
   - *സി) പുരയിടത്തിൽ ചെടികൾ വളരുന്ന തടം*
   - *ഡി) ജൈവവൈവിധ്യ ഉദ്യാനം*
2. *അയോണയും സുഗന്ധിടീച്ചറും തമ്മിൽ ചാറ്റ് ചെയ്തതിലൂടെ ഉണ്ടായ നേട്ടത്തിൽ പെടുത്താനാകാത്ത പ്രസ്താവന ഏത്?*
   - *എ) വിഷ്ണുക്രാന്തിയുടെ ചിത്രം അയോണയ്ക്ക് കാണാൻ സാധിച്ചു*
   - *ബി) അമ്മയുടെ കൂടി പങ്കാളിത്തത്തോടെ ജൈവവൈവിധ്യ ഉദ്യാനത്തിലേക്ക് ചെടി ശേഖരിക്കാൻ അവസരമുണ്ടായി*
   - *സി) സംശയമുള്ള കാര്യങ്ങൾ മൊബൈലിലൂടെ അധ്യാപികയിൽ നിന്നും പരിഹരിക്കാനായി*
   - *ഡി) മൊബൈൽ കമ്പനിക്കാർക്ക് വരുമാനം കിട്ടി.*




# മാഞ്ഞുപോയ കഥ

പുഴ കഥയെഴുതാൻ തുടങ്ങി. വിവരമറിഞ്ഞപ്പോൾ കാറ്റിന് ഉത്സാഹമായി. പുഴയുടെ കഥയിൽ തനിക്കും ഒരിടം കിട്ടിയേക്കാം.... പുഴയിലേക്ക് വളർന്നിറങ്ങിയ കണ്ടൽക്കാടിനോടും അവിടെ മുട്ട യിടാനെത്തിയ മീനുകളോടും കാറ്റ് വിശേഷം പങ്കു വച്ചു. അവർക്കും സന്തോഷമായി. തങ്ങളും കഥയിൽ ഇടം നേടിയേക്കാം. പറഞ്ഞു പറഞ്ഞു വിവരമറിഞ്ഞ മണൽത്തിട്ടയ്ക്കും ആവേശം വന്നു. താനും ഈ കഥയിൽ ഒരു ഭാഗമായതു തന്നെ. ചൊരിമണലിൽ കഥയെഴുതി. എഴുതിയെ ഴുതിനീങ്ങവേ പാവം പുഴ എവിടെയോ മറഞ്ഞു..



1. *അവസാനം പുഴയുടെ കഥ കഴിഞ്ഞു എന്നാണ് ഇതു വായിച്ച ആലീസ് പറഞ്ഞത്. അങ്ങനെ പറഞ്ഞതിന് ഈ കഥയിലെ ഏതു വരിയാണ് ആധാരമാക്കിയിട്ടുണ്ടാവുക?*

   *എ) ചൊരിമണലിൽ കഥയെഴുതി*  *ബി) പുഴ എവിടെയോ മറഞ്ഞു*

   *സി) താനും ഈ കഥയിൽ ഭാഗമായതുതന്നെ*  *ഡി) പുഴ കഥയെഴുതാൻ തുടങ്ങി*

2. *പുഴ എഴുതിയ ആത്മകഥയിൽ പെടാനിടയില്ലാത്ത വാക്യമേത്?*

   *എ) ഞാൻ ഒരു വലിയ വനത്തിലാണ് പിറന്നത്*

   *ബി) ആ പുഴ പാറക്കെട്ടുകളിൽ തട്ടിയും സമതലങ്ങളെ തടവിയും ഒഴുകി*

   *സി) എന്റെ തണുപ്പിൽ മീൻകുഞ്ഞുങ്ങൾ കുത്തിമറിഞ്ഞുരസിച്ചു*

   *ഡി) തണുത്ത കാറ്റു വന്ന് ഓളങ്ങളുണ്ടാക്കി താളമിട്ടപ്പോൾ ഞാൻ പൊട്ടിച്ചിരിച്ചു*

**മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ**




# കർക്കടകക്കഞ്ഞി



'കർക്കടകക്കഞ്ഞി' എന്താ ടീച്ചറേ.? ദേവൂട്ടിക്ക് സംശയം.
ആരിഫ ടീച്ചർ പറഞ്ഞു. കർക്കിടകം നമ്മുടെ കൊല്ല വർഷത്തെ അവസാനമാസം. കർക്കടകത്തെ പഞ്ഞ ക്കർക്കടമെന്നും വിളിക്കാറുണ്ട്.
'അതെന്താ ?'
ഇത്തവണ ഹരിക്കാണ് സംശയം.
ശരി, ഞാൻ പത്രത്തിൽ വന്ന ഒരു കുറിപ്പ് വായിച്ച് കേൾപ്പിക്കാം.

***പഞ്ഞകർക്കടകത്തിന്റെ ദോഷങ്ങളകറ്റാം.***

പഴമക്കാരുടെ മനസ്സിൽ കർക്കടകം പഞ്ഞമാസമായിരുന്നു. പഞ്ഞമാസമെന്നാൽ പണിയില്ലാത്ത രോഗാതുരമായ തണുപ്പൻ മാസം. തോരാതെ പെയ്യുന്ന മഴയിൽ വീടിന് പുറത്തിറങ്ങാൻ കൂടി കഴിയാത്ത കാലം. മഴക്കാലരോഗങ്ങളും കൈയിൽ കാശില്ലാത്ത വിഷമവും. കർഷകരായ സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിച്ചിരുന്ന നാളുകൾ. കർക്കടകത്തിന്റെ ദോഷങ്ങളകറ്റാൻ പണ്ടുള്ളവർ ചില കരുതലുകളെടുത്തിരുന്നു. പക്ഷികളും ജീവികളും പോലും മഴക്കാലത്തെ കരുതി ഭക്ഷണം സൂക്ഷിച്ചുവയ്ക്കുന്നതുപോലെ മനുഷ്യനും ചില ഉപാധികൾ കണ്ടെത്തിയിരുന്നു.
പഴഞ്ചൊല്ലിലൂടെ അത് വരും തലമുറയ്ക്കു പകർന്ന് നൽകുകയും ചെയ്തു.

'തോരന് അമൃത് തളിച്ച പത്തിലകൾ'
'ചക്കേം മാങ്ങേം പത്തീസം
താളും തകരേം പത്തീസം
അങ്ങനേം ഇങ്ങനേം പത്തീസം' എന്ന പഴഞ്ചൊല്ല് കർക്കടകത്തിലെ ഭക്ഷണ ദാരിദ്ര്യത്തെയും ഭക്ഷണക്രമത്തെയും സൂചിപ്പിക്കുന്നതാണ്.

*സാധാരണക്കാരന്റെ ഭക്ഷണമായ കഞ്ഞിയിൽ പച്ച മരുന്നുകളും, അങ്ങാടി മരുന്നുകളും ചേർത്ത് 'മരുന്നു കഞ്ഞി' ഉണ്ടാക്കി കുടുംബത്തിൽ എല്ലാവരും ഉണ്ടാക്കിക്കഴിക്കുമായിരുന്നു.*

ആരിഫ ടീച്ചർ വായന നിർത്തിയിട്ട് പറഞ്ഞു. ഇന്ന് നമ്മളും കർക്കടകക്കഞ്ഞി കുടിക്കാൻ പോകുന്നു. കർക്കടകക്കഞ്ഞി ആർക്കൊക്കെ വേണം ? ടീച്ചർ ചോദിച്ചു. എല്ലാ കുട്ടികളും കൈയുയർത്തി സന്തോഷത്തോടെ പറഞ്ഞു. എനിക്ക് ..... എനിക്ക് ...

*കർക്കടകമാസം പണ്ട് കാലത്ത് പഞ്ഞമാസമായതിനു കാരണം ?*

*എ) മലയാളമാസത്തിലെ അവസാന മാസമായതിനാൽ*
*ബി) തോരാതെ മഴപെയ്യുന്നതിനാൽ പുറത്തിറങ്ങാനോ ജോലിചെയ്യാനോ കാശുണ്ടാക്കാനോ കഴിയാത്തതിനാൽ*
*സി) മരുന്നു കഞ്ഞി ഉണ്ടാക്കിക്കുടിച്ചിരുന്നതിനാൽ*
*ഡി) പക്ഷികളും ജീവികളും മഴക്കാലത്തെ കരുതി ഭക്ഷണം സൂക്ഷിച്ചുവച്ചിരുന്നതിനാൽ*




# ഗോൾ ഗോൾ



ആമിന ഗോളിയാവുന്നത് ഇതു രണ്ടാം തവണയാണ്. ആദ്യ തവണ ആമിനയുടെ ടീം തോറ്റത് ഒരു റിക്കാർഡാണ്. എങ്ങനെയാണ് ഇത്രയധികം ഗോളുകൾ പോസ്റ്റിൽ എത്തിയത് എന്ന് എതിർ ടീമിനു പോലും മനസിലായിട്ടില്ല. എന്നിട്ടും ആമിനയെ വീണ്ടും ഗോളിയാക്കുന്നതിൽ ക്യാപ്റ്റൻ അശോകേട്ടന് ഒരു സംശയവും ഉണ്ടായില്ല.

അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആമിന ആദ്യമായി ഗോളിയാവുന്നത്. വിശാലമായ മൈതാനത്തിന് അരികിലാണ് അവളുടെ വീട്. മഴയില്ലാത്ത ദിവസങ്ങളിൽ ഫുട്ബോൾ കളിയുണ്ടാകും. കുറച്ച് ചളിയുണ്ടെങ്കിലും കളി നടക്കും. കളിക്കാരെല്ലാം ചളിയിൽ പുതഞ്ഞിട്ടുണ്ടാകും. ഗ്രൗണ്ടിൽ നിന്നും പുറത്തു പോകുന്ന പന്ത് എടുത്തു കൊടുക്കാൻ ആമിന ഓടിപ്പോകും. അത് അവൾക്ക് ഒരു ഹരമാണ്. ഗ്രൗണ്ടിന്റെ ചുറ്റും ചെറുപ്രായത്തിലുള്ള ധാരാളം കുട്ടികൾ ഉണ്ടാകും. പന്ത് പുറത്തേക്ക് പോകുമ്പോൾ എല്ലാവരും പിന്നാലെ ഓടും. കൂടുതൽ തവണ ആമിനക്കാണ് കിട്ടുക. ക്രമേണ പന്ത് പുറത്തു പോയാൽ കളിക്കാർ ആമിനാ.. എന്ന് വിളിക്കുന്നത് പതിവായി.

ഒരു ദിവസം ആമിന പന്ത് എടുത്തതും നാലഞ്ചു പേർ പന്തിനായി കൈ നീട്ടി. ഒരു നിമിഷം സംശയിച്ചിട്ടു നിന്ന് കാല് പൊക്കി പന്ത് ഉയർത്തി അടിച്ചു. എല്ലാവരും പന്ത് ഉയർന്ന് പോകുന്നതും നോക്കി നിന്നു. ഉയരത്തിലേക്ക് പോകുകയാണ്, എല്ലാവരുടേയും മുഖം മുകളിലേക്കായിട്ടുണ്ട്. പലരും കഴുത്ത് വേദനിച്ച് ആമിനയെ നോക്കാൻ തുടങ്ങി. ചിലർ ദേഷ്യപ്പെട്ടു. അധികം പേർക്കും എന്തു പറയണമെന്നറിയാതെയായി. ആമിന മുകളിലേക്കു നോക്കി നിൽക്കുകയാണ്. അവൾ തല താഴ്ത്തിയതും എല്ലാവരേയും അത്ഭുതപ്പെടുത്തി പന്ത് താഴേക്കു വീണു. എല്ലാവരും ആമിനയെ നോക്കി നിൽക്കുകയായിരുന്നു.

*എന്നിട്ടും ആമിനയെ വീണ്ടും ഗോളിയാക്കുന്നതിൽ ക്യാപ്റ്റൻ അശോകേട്ടന് ഒരു സംശയവും ഉണ്ടായില്ല. എന്നതുകൊണ്ടു സൂചിപ്പിക്കുന്നത്*

*എ) കളിയിൽ ഏതെങ്കിലും ഒരു ടീം തോൽക്കുന്നത് സ്വാഭാവികമാണ്*

*ബി) പെൺകുട്ടിയെ ഗോളിയാക്കിയാൽ വിജയിക്കും*

*സി) നേരത്തെ ഗോളിയായി പരിചയമുണ്ട്.*

*ഡി) ആമിനയ്ക്ക് പന്തെടുക്കാനും പിടിക്കാനും അടിക്കാനും നല്ല കഴിവുണ്ട്*

*മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ*




# അന്നത്തെ ഒരു ദിവസം



**അ**ൻപത് വർഷം കഴിയുമ്പോൾ അന്നത്തെ കുട്ടിയുടെ ഒരു ദിവസം എങ്ങനെയായിരിക്കും?

കട്ടിലിൽ നിന്നും എഴുന്നേൽ ക്കാൻ മടിച്ചു. ഉണരേണ്ട സമയത്ത് കൃത്യമായി ബെല്ലടിച്ചതാണ്. എഴുന്നേൽക്കാത്തതു കൊണ്ട് അഞ്ചു മിനിറ്റ് കഴിഞ്ഞപ്പോൾ കട്ടിൽ തനിയെ ചലിക്കാൻ തുടങ്ങി. അവന് എഴുന്നേൽക്കുകയല്ലാതെ മറ്റു മാർഗമില്ലായിരുന്നു. ഉടനെ ബാത്റൂമിലെ ലൈറ്റ് തെളിഞ്ഞു. ശുചിമുറിയിലെ ലൈറ്റ് തെളിഞ്ഞു. മൗത്ത് വാഷിനു നേരെ വായ തുറന്നു പിടിച്ചു.

ക്ലാസിനുള്ള സമയമായെന്നറിയിപ്പു വന്നു. നേരെ വ്യായാമമുറിയിലേക്ക് നടന്നു. മുറിയിലേക്ക് കടക്കുന്നതിന് തന്റെ കാർഡ് ചുമരിലുള്ള ദ്വാരത്തിന് നേരെ കാണിച്ചു. വാതിൽ മെല്ലെ തുറന്നു. വസ്ത്രങ്ങൾ അഴിച്ചു വച്ച് അവൻ വ്യായാമത്തിനു തയാറായി. പാട്ടിന്റെ അകമ്പടിയോടെ വലിയ സ്ക്രീനിൽ കാണുന്നതു പോലെ അവൻ വ്യായാമം ചെയ്തു.

പഠന മുറിയിലെത്തിയതും മോണിട്ടറിൽ അവന്റെ ടൈംടേബിൾ തെളിഞ്ഞു നിൽക്കുന്നു. അമ്മ നേരത്തെ തന്നെ ടൈംടേബിൾ സെറ്റ് ചെയ്തു വച്ചിരിക്കുന്നു. ഇഷ്ടമല്ലാത്ത മാപ്പു വരയ്ക്കലും മരുഭൂമിയിൽ വളരുന്ന ജീവികളെ കുറിച്ചുള്ള വിശദീകരണവും ഉണ്ടായിരുന്നു. നാളത്തെ ടൈംടേബിൾ മാറ്റം വരുത്താൻ ശ്രമിച്ചു നോക്കി കഴിഞ്ഞില്ല. ഒരാഴ്ചക്കുള്ള ടൈംടേബിൾ സെറ്റ് ചെയ്തു കഴിഞ്ഞിരിക്കുന്നു. ഉച്ചഭക്ഷണം അമേരിക്കൻ ഫ്ളേവറിലുള്ളതാണ്. ഭക്ഷണത്തിനുമുമ്പ് തൂക്കം നോക്കാനുള്ള മെഷീനിൽ കയറി നിന്നു. തൂക്കത്തിനനുസരിച്ച് ഭക്ഷണത്തിനുള്ള ഗുളികകൾ കിട്ടി.

കൊച്ചുകുട്ടിയായിരിക്കുമ്പോൾ അച്ഛനും അമ്മയും വീട്ടിലെല്ലാരും ഒത്തു കൂടുന്ന സമയത്ത്(ഗെറ്റ് ടുഗെതർ) അച്ഛൻ കഥകൾ പറഞ്ഞു കൊടുക്കുമായിരുന്നു. തന്റെ പൂർവ്വികർ ഇന്ത്യക്കാരായിരുന്നുവെന്ന് അങ്ങനെയാണ് മനസ്സിലാക്കിയത്. അതു കൊണ്ടു തന്നെ ഇന്ത്യൻ സാധനങ്ങളോട് വലിയ ഇഷ്ടമാണ്.കഴിഞ്ഞ ദിവസം ഇന്ത്യൻ ഫ്ളേവറിലുള്ള ഭക്ഷണമാണെന്ന് അറിയിപ്പ് കിട്ടിയിരുന്നു.കൂടുതൽ ഭക്ഷണം കിട്ടാൻ വേണ്ടി വലിയൊരു ബാഗുമെടുത്ത് മെഷീനിൽ കയറി നിന്നു. കഴിഞ്ഞ ഒരാഴ്ചത്തെ തൂക്കം താരതമ്യം ചെയ്ത മെഷീൻ ഭക്ഷണം തന്നില്ലെന്നു മാത്രമല്ല ഡോക്ടറെ കാണാനുള്ള നിർദേശവും തന്നു. സ്ട്രിപ് കീറി മെഷീനു നേരെ എറിഞ്ഞ് കംപ്യൂട്ടർ ഗെയിം കളിക്കാൻ പോയി. ഉറങ്ങാനുള്ള സമയം ഇനിയും ഉണ്ട്. ഇന്ന് ഇറങ്ങുന്ന സിനിമയാണ് ടിവിയിൽ യാതൊരു രസവും തോന്നിയില്ല. ഉറക്കം വരാത്തതു കൊണ്ട് ഉറങ്ങാനുള്ള സെറ്റിംഗ്സ് ഓൺ ചെയ്തു. പക്ഷേ സമയമായിട്ടില്ല. ലൈറ്റ് ഓഫ് ആവുന്നില്ല. ടിവിയിലെ ചിത്രങ്ങൾക്കു മുമ്പിൽ കണ്ണടച്ചു കിടന്നു.

*കുറെയേറെ വർഷങ്ങൾക്കു ശേഷം അന്നത്തെ കുട്ടിയുടെ ജീവിതത്തിൽ സംഭവിക്കാനിടയില്ലാത്തത് ഏത്?*

*എ) റിമോട്ട് വച്ച് യന്ത്രപ്പൂമ്പാറ്റകളെ പറത്തും*

*ബി) പുഴയിലെ കുളിരുജലത്തിൽ രാവിലെ മുങ്ങിക്കുളിക്കും*

*സി) ദിനചര്യകളെല്ലാം യന്ത്രങ്ങൾ നിശ്ചയിക്കും*

*ഡി) കമ്പ്യൂട്ടർ മുത്തച്ഛൻ കഥകൾ പറഞ്ഞുകൊടുക്കും*

മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ




# മഴയുടെ അതിരുകൾ

പെട്ടെന്നാണ് മഴ തകർത്തു പെയ്യാൻ തുടങ്ങിയത്.
ബസിൽ കയറുമ്പോൾ ചെറിയ തുള്ളികൾ പൊടിയുന്നുണ്ടായിരുന്നു.
ബസ് വളവു തിരിഞ്ഞപ്പോഴേക്കും മഴയുടെ ശക്തി കൂടാൻ തുടങ്ങി.
പിന്നെ കുറച്ചു സമയത്തേക്ക് പെരുമഴ തന്നെ.
ഓടുന്ന ബസിൽ ഷട്ടർ അല്പം ഉയർത്തി മഴയുടെ കുളിരും ഭംഗിയും ആസ്വദിക്കാൻ തോന്നി, എങ്കിലും മറ്റു യാത്രക്കാർ വഴക്കിടുമെന്നു ഭയന്ന് ചെയ്തില്ല.
പെട്ടെന്ന് മഴയുടെ ശക്തി കുറഞ്ഞു വന്നു. പിന്നെ മഴ പൂർണമായും നിലച്ചു.
ബസിന്റെ ഷട്ടറുകൾ തുറന്നു. റോഡിൽ അല്പം പോലും നനവില്ല.
മഴയുടെ അതിർത്തി എവിടെയാണ്?
എങ്ങനെയാണതൊന്നു കണ്ടുപിടിക്കുക?
എത്ര ആലോചിച്ചിട്ടും അപ്പുവിന് പിടികിട്ടിയതേയില്ല.



*അതിരുകളെക്കുറിച്ചുള്ള ചിന്ത ശരിക്കും ആർക്കാണുള്ളത്?*

*എ) മഴയ്ക്ക്*
*ബി) മനുഷ്യന്*
*സി) പ്രകൃതിക്ക്*
*ഡി) കുളിരിന്*




# തേൻമല

ഗോവിന്ദനും ജാനകിയും ഉറക്കമുണർന്നു, ചുറ്റും നോക്കി.

അയ്യോ! ഇതെന്താ... ഇങ്ങനെ ? ചുറ്റും മഞ്ഞനിറം മാത്രം. ഗോവിന്ദൻ മുയൽ മഞ്ഞ! ജാനകി ജിറാഫും മഞ്ഞ! ഗോവിന്ദൻ മുയൽ പച്ചപ്പുല്ല് അന്വേഷിച്ചു, ജാനകി ജിറാഫ് പച്ചയിലയും.

ഇല്ല ഒരിടത്തുമില്ല. തേന്മല മഞ്ഞമലയായി. മഞ്ഞമലയിൽ മഞ്ഞയില, മഞ്ഞമരങ്ങൾ, മഞ്ഞപ്പൂവ്, മഞ്ഞപ്പാറ. അങ്ങനെയെല്ലാം മഞ്ഞ. ഇനിയെന്ത് ചെയ്യും ?

ഗോവിന്ദനും ജാനകിയും ചിമ്പു ഗുരുവിനെ കണ്ടു.

" ഹാ ... ഹാ... മഞ്ഞയാണല്ലേ പ്രശ്നം"

" ആരും നുണപറയാത്ത തേന്മലയിൽ ആരോ പറഞ്ഞു ഒരു കൊച്ചു നുണ"

"കണ്ടുപിടിക്കൂ കുഞ്ഞ് നുണയനെ"

"അവനോട് നീലക്കുളത്തിൽ മൂന്നു തവണ മുങ്ങാൻ പറയൂ."

ഗോവിന്ദനും ജാനകിയും മല കയറിയിറങ്ങി. നുണയനെ കിട്ടിയില്ല. ഒടുവിൽ ഞാവൽ മരത്തിൻ ചുവട്ടിൽ കുഞ്ഞ നണ്ണാൻ പനിച്ച് വിറച്ചിരിക്കുന്നു.

'എന്തു പറ്റി?' ജാനകി ചോദിച്ചു.

ഞാനിന്നലെ ഒരു നുണ പറഞ്ഞു.

'സാരമില്ല. എന്റെ കൂടെ വരൂ, നീല കുളത്തിൽ മുങ്ങി വരാം.'

ഗോവിന്ദനും ജാനകിയും കുഞ്ഞ നണ്ണാനും കൂടി നീലക്കുളത്തിലേയ്ക്ക് .... കുഞ്ഞ നണ്ണാൻ മൂന്നു തവണ മുങ്ങിപ്പൊങ്ങി. മഞ്ഞമല തേന്മലയായി പച്ചപ്പുല്ലും, നീലപ്പൂവും ചുവന്ന പഴവും അങ്ങനെ അങ്ങനെ നിറങ്ങൾ വിരിഞ്ഞു തേന്മലയിൽ. അവർ സന്തോഷത്തോടെ തുള്ളിച്ചാടി.



*ഈ കഥയുടെ സന്ദേശമെന്താണ്?*

*എ) കളങ്കമുള്ള മനസുകൾക്ക് സമൂഹത്തിനെ സ്വാധീനിക്കാൻ കഴിയില്ല*

*ബി) കളങ്കമുള്ളവർ സമൂഹത്തിന്റെ പരിശുദ്ധി ഇല്ലാതാക്കും*

*സി) കുളത്തിൽ മൂന്നു തവണ മുങ്ങിക്കുളിക്കണം*

*ഡി) പരിശ്രമിച്ചാൽ തേന്മലയെ മഞ്ഞ മലയാക്കാം.*

*മലയാളത്തിളക്കം-എല്ലാവരും സ്വതന്ത്രവായനക്കാർ*




# ഓണം

**ഓ**ണം സുഖകരമായൊരു പ്രതീക്ഷയാണ്. ഇങ്ങിനിയെത്താത്തവണ്ണം എങ്ങോ പോയി മറഞ്ഞ മാവേലിക്കാലം തിരികെയെത്തുമെന്ന പ്രതീക്ഷ. മാനുഷരെല്ലാരും ഒന്നുപോലെ വാണ മാവേലിക്കാലം കവിഭാവനയിലല്ലാതെ എന്നെങ്കിലും യാഥാർത്ഥ്യമായിട്ടുണ്ടാവുമോ? ഇനി യാഥാർത്ഥ്യമാവുമോ? ഓരോ ഓണക്കാലത്തും ഇത്തരം ചില ചിന്തകൾ ഉണ്ടാകാറുണ്ട്.



സമത്വസുന്ദരമായ മാവേലിക്കാലം – കള്ളത്തരങ്ങളില്ലാത്ത, ബാലമരണങ്ങളില്ലാത്ത ആർക്കും ഒട്ടും ആപത്തില്ലാത്ത കാലം – സാധ്യമാവുമോ എന്ന് ഓരോ ദിവസവും ആശങ്കയേറി വരുന്നു. കുറച്ചു പണം മുടക്കി കൂടുതൽ വസ്ത്രം വാങ്ങാൻ, വിലക്കുറവിൽ വീട്ടുപകരണങ്ങൾ വാങ്ങാൻ, പഴയതെല്ലാം മാറ്റി വാങ്ങാൻ അങ്ങനെ പണം ലാഭിക്കാൻ പരസ്യത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്ന വിപണിയുടെ ഓണക്കാലത്ത് ഓണവും റെഡിമെയ്ഡാവുകയാണല്ലോ.

വീട്ടിലെ സ്വീകരണമുറിയിൽ, ഓണപ്പാട്ടുകൾ ആസ്വദിച്ചും ഓണത്തിന്റെ മൺമറഞ്ഞ നന്മകൾ അയവിറക്കുന്ന സംഭാഷണങ്ങൾ കേട്ടും പുതുവസ്ത്രത്തിന്റെയും സദ്യയുടെയും മികവുകളിൽ അഭിമാനിച്ചും ഓണം നാം ആഘോഷിക്കുന്നു. വഴിയരികിലും ആശുപത്രികളിലും വേണ്ടത്ര ശ്രദ്ധ കിട്ടാതെ പിടഞ്ഞുമരിക്കുന്ന നിരപരാധികളും ഉപേക്ഷിക്കപ്പെടുന്ന വൃദ്ധരും അനാഥ ബാല്യങ്ങളും നമുക്ക് പ്രശ്നമാകുന്നില്ലെങ്കിൽ എങ്ങനെയാണ് നമുക്ക് മാവേലിക്കാലത്തെ സ്വപ്നം കാണാനാവുക?

*ഈ കുറിപ്പിലെ പ്രധാന ആശയം ഏതാണ്?*

*എ) മാവേലിക്കാല സങ്കല്പത്തിനു ചേരാത്ത കാര്യങ്ങളെ അവഗണിക്കുന്നത് ശരിയല്ല*

*ബി) കുറച്ചു പണം മുടക്കി കൂടുതൽ വസ്ത്രം വാങ്ങണം*

*സി) ഓണത്തിന്റെ മൺമറഞ്ഞ നന്മകൾ അയവിറക്കണം*

*ഡി) പഴയതെല്ലാം മാറ്റി പുതിയത് വാങ്ങണം*